യൂണിറ്റ് 5

# കേരളപാഠാവലി

## കലകൾ കാവ്യങ്ങൾ

# 1. ഉരുളക്കിഴങ്ങ് തിന്നുന്നവർ



വിൻസെന്റ് വില്ല്യം വാൻഗോഗിന്റെ 'ദി പോട്ടാറ്റൊ ഈറ്റേഴ്' എന്ന ചിത്രം അടിസ്ഥാനമാക്കി സുഭാഷ്ചന്ദ്രൻ എഴുതിയ കഥയാണ് ഉരുളക്കിഴങ്ങ് തിന്നുന്നവർ. ഖനിത്തൊഴിലാളികളുടെ ജീവിതദുരിതമാണ് ഇതിൽ അവതരിപ്പി ക്കുന്നത്. കിഴവൻ മിറൽ, മിറലിന്റെ മകന്റെ ഭാര്യയായ ജൂലിയാന, ജൂലിയാനയുടെ വൃദ്ധമാതാപിതാക്കൾ, ജൂലിയാനയുടെ മകൾ അന്ന, എന്നിവരാണ് മുഖ്യകഥാപാത്രങ്ങൾ. മകന്റെ മരണം സംബന്ധിച്ച സൂചനകൾ ഭാവതലം ദുഃഖപൂർണ്ണമാക്കുന്നു.

**പ്രധാന ആശയങ്ങൾ**

- ഖനിയിൽ ജോലിക്കുപോയ മകൻ ഒരു ദിവസം മടങ്ങിവന്നില്ല,
- മകനെ അന്വേഷിച്ച് പോയ കിഴവൻ മിറൽ വീട്ടിൽ മടങ്ങിയെത്തി.
- കിഴവൻ മിറലിന്റെ മകന്റെ ഭാര്യയാണ് ജൂലിയാന.
- മകനെ കണ്ടിട്ടില്ലെന്ന് ജൂലിയാന മനസ്സിലാക്കുന്നു.
- ഖനികളിലുണ്ടായ അപകടം അവൾ അറിയുന്നില്ല.
- ആർക്കും ആപത്ത് വരരുതേ എന്ന് പ്രാർത്ഥിക്കുന്നു.
- തുടർന്ന് പതിവു ഭക്ഷണമായ ഉരുളക്കിഴങ്ങ് മേശപ്പുറത്ത് വിളമ്പുന്നു.
- മേശയ്ക്ക് സമീപമിരുന്ന കിഴവൻ മിറലിന്റെ മുഖഭാവം ജൂലിയാന കണ്ടു,
- അങ്ങനെ ഭർത്താവ് മരിച്ചുവെന്ന് ഉറപ്പിക്കുന്നു.

**ശരിയായ ഉത്തരം കണ്ടെത്തിയെഴുതുക**

1. 'ഘടികാരത്തിൽനിന്ന് തുള്ളിതുള്ളിയായി സമയം താഴേക്കിറ്റുന്ന ശബ്ദം വീട്ടിൽ നിറഞ്ഞു." ഈ വരികൾ അർത്ഥമാക്കുന്നത് എന്ത്?

   ഘടികാരം ഉച്ചത്തിൽ ശബ്ദമുണ്ടാക്കി.

   വീടിന്റെ ഉൾവശം നിശബ്ദമായിരുന്നു.

   ഘടികാരത്തിന്റെ ശബ്ദം എല്ലാവരും ശ്രദ്ധിച്ചു.

   സമയം ക്രമേണ കുറഞ്ഞുവന്നു.

2. 'പ്രസവരക്ഷ ചെയ്യുന്ന ഉരുളക്കിഴങ്ങുപാടങ്ങൾ' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതെന്ത്?

- വിളവെടുപ്പിന് പാകമായ ഉരുളക്കിഴങ്ങുപാടങ്ങൾ.
- കൃഷി ചെയ്യാതെ ഒഴിഞ്ഞിട്ടിരിക്കുന്ന ഉരുളക്കിഴങ്ങുപാടങ്ങൾ.
- വളപ്രയോഗം നടത്തിയ ഉരുളക്കിഴങ്ങുപാടങ്ങൾ.
- ഉരുളക്കിഴങ്ങ് കിളിർത്തുതുടങ്ങിയ പാടങ്ങൾ.

**രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക**

3. 'ഇടംവലം ഉലഞ്ഞ് വീട് അടുത്ത് വന്നു." ആശയം വിശകലനം ചെയ്യുക.

- കിഴവൻ മിറലിന്റെ മനസ്സ് ആടിയുലയുകയാണ്.
- നടന്ന് വീടിനോട് അടുക്കുന്നതുപോലും അയാൾ അറിയുന്നില്ല.
- കടുത്ത ചിന്താഭാരംകൊണ്ട് സ്വയബോധം നഷ്ടപ്പെട്ട അവസ്ഥ.
- കാലുകൾ യാന്ത്രികമായി മുന്നോട്ട് നീങ്ങുന്നു.

4. 'കണ്ടോ അച്ഛാ?" വായിൽനിന്ന് നീരാവിയുടെ ഒരു ചെറിയ മേഘത്തെ തുറന്നുവിട്ടുകൊണ്ട് ജൂലിയാന ചോദിച്ചു.

ശീതകാലത്തിന്റെ പ്രഭാവത്തെ കീഴ്പ്പെടുത്തുന്ന ഒരു തീക്കനൽ കിഴവൻ മിറലിന്റെ നെഞ്ചിൽ വീണു. 'ഇല്ല' എന്ന വാക്കിന് എല്ലാവിധത്തിലുള്ള ധ്വനിയും പേറാവുന്ന ഒരുത്തരം അയാളുടെ ഹൃദയത്തെ വേവിക്കാൻ തുടങ്ങി- ആശയം വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

- കാണാൻ കഴിഞ്ഞില്ല, ജീവിച്ചിരിപ്പില്ല എന്നീ രണ്ട് അർത്ഥങ്ങൾ.
- തന്റെ ഭർത്താവ് ജീവിച്ചിരിപ്പുണ്ടെന്ന ജൂലിയാനയുടെ പ്രതീക്ഷ.
- മകൻ മരിച്ച കാര്യം പറയാൻ കിഴവൻ മിറലിന് കഴിയുന്നില്ല.
- മരണദുഃഖം ഉണ്ടാക്കുന്ന മാനസികസംഘർഷം.

**അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

5. 'ജൂലിയാന ഭക്ഷണമേശ റാന്തൽവിളക്കിനു താഴേക്ക് കുറച്ചുകൂടി നീക്കിയിട്ടു. അഴുക്കുപിടിച്ചതാണെങ്കിലും വെളുത്തതാണെന്നു പറയാവുന്ന ഒരു തുണി കൊട്ടിക്കുടഞ്ഞ് അതിന്മേൽ വിരിച്ചു.' കഥാസന്ദർഭങ്ങൾ വിശകലനം ചെയ്ത് ജൂലിയാന എന്ന കഥാപാത്രത്തിന്റെ സ്വഭാവം വിലയിരുത്തുക.

- തീവ്രദുഃഖം അനുഭവിക്കേണ്ടിവരുന്നു.
- ആർക്കും ഒരു ദോഷവും വരരുതെന്ന് ആഗ്രഹിക്കുന്നു.
- കർത്തവ്യബോധമുള്ള സ്ത്രീ.
- ഭർത്താവിന്റെ മരണശേഷം കുടുംബത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കുന്നു.

6. 'വില്യം മൂന്നാമൻ രാജാവിന്റെ ഛായയെ ദാരിദ്ര്യവും വാർധക്യവും ചേർന്ന് പുകച്ചു മങ്ങിച്ചതുപോലെയായിരുന്നു അയാളുടെ മുഖം' – 'ഉരുളക്കിഴങ്ങ് തിന്നുന്നവർ' എന്ന കഥയിലെ വാങ്മയചിത്രമാണ് ഇത്. ഇത്തരം ചിത്രങ്ങൾ കഥയുടെ ആസ്വാദ്യത വർദ്ധിപ്പിക്കുന്നുണ്ടോ? വിലയിരുത്തി കുറിപ്പ് തയാറാക്കുക.

- ജൂലിയാനയുടെ വിളർത്ത നിഴൽമുഖം ദുഃഖത്തിന്റെ സൂചനയാണ്.
- വൈകാരികതലത്തിന്റെ സൂക്ഷ്മഭാവങ്ങൾ ചിത്രങ്ങളാക്കുന്നു.
- വീടിന്റെ വിവരണം മിറലിന്റെ മനസികാവസ്ഥ വ്യക്തമാക്കുന്നു.
- മാറാല പിടിച്ച വീട് ദാരിദ്ര്യത്തിന്റെ അടയാളമാണ്.
- കിഴവൻ മിറലിന്റെ മുഖഭാവവും മൗനവും മകന്റെ മരണം സൂചിപ്പിക്കുന്നു.

- കഥയുടെ ഭാവതലം തീവ്രദുഃഖമാകാൻ സഹായകം.

**ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക**

7. 'ഉരുളക്കിഴങ്ങ് തിന്നുന്നവർ' എന്ന കഥയുടെ ഭാവതലം, വാങ്മയചിത്രങ്ങൾ, പ്രമേയം, ആഖ്യാനരീതി, രചനാപരമായ സവിശേഷതകൾ എന്നിവ പരിഗണിച്ച് ആസ്വാദനം തയാറാക്കുക.
   - ചിത്രത്തിന്റെ വൈകാരികതലം ഉൾക്കൊണ്ട് അതിന്റെ സൂക്ഷ്മഭാവങ്ങൾ കഥയിൽ അവതരിപ്പിക്കുന്നു.
   - മാനസികാവസ്ഥ വ്യക്തമാക്കുന്ന പ്രയോഗങ്ങൾ.
   - സമയസൂചന.
   - കഥാപാത്രങ്ങളുടെ ചലനങ്ങളിലൂടെ ദുഃഖഭാവം അവതരിപ്പിക്കുന്നു.
   - ദാരിദ്ര്യം വാങ്മയചിത്രങ്ങളിലൂടെ അവതരിപ്പിക്കുന്നു.
   - മകന്റെ മരണത്തെ സംബന്ധിച്ച സൂചനകൾ മാത്രം നൽകുന്നു.

**പരിശീലനചോദ്യങ്ങൾ**

1 ജൂലിയാനയുടെ ദൈന്യതയും ഒറ്റപ്പെടലുമാണ് 'ഉരുളക്കിഴങ്ങ് തിന്നുന്നവർ' എന്ന കഥയിൽ കാണുന്നത്. ഈ നിരീക്ഷണം ശരിയാണോ? സ്വാഭിപ്രായക്കുറിപ്പ് എഴുതുക.

2 'ഉരുളക്കിഴങ്ങ് തിന്നുന്നവർ' എന്ന ശീർഷകം കഥയ്ക്ക് എത്രത്തോളം യോജിക്കുന്നുവെന്ന് വിലയിരുത്തി കുറിപ്പ് തയാറാക്കുക.

3 'ഘടികാരത്തിൽനിന്ന് സമയം തുള്ളിതുള്ളിയായി താഴേക്കിറ്റുന്ന ശബ്ദം വീണ്ടും ജൂലിയാനയുടെ കാതിൽ മുഴങ്ങാൻ തുടങ്ങി." സമയത്തെ സംബന്ധിച്ച് 'ഉരുളക്കിഴങ്ങ് തിന്നുന്നവർ' എന്ന കഥയിൽ നൽകുന്ന സൂചനകൾ പരിശോധിച്ച് കുറിപ്പ് തയാറാക്കുക.

4 'കിഴവൻ മിറൽ സ്വന്തം ഹൃദയം തിളയ്ക്കുന്നതറിഞ്ഞുകൊണ്ട് ജൂലിയാനയുടെ ചലനങ്ങൾ കണ്ണിമവെട്ടാതെ നോക്കിയിരിക്കുകയായിരുന്നു.' കഥാപാത്രങ്ങളുടെ ആത്മസംഘർഷങ്ങൾ വികാരതീവ്രമായി അവതരിപ്പിക്കാൻ ഇത്തരം വാക്യങ്ങൾ സഹായിക്കുന്നുണ്ട്. പ്രസ്താവന വിലയിരുത്തി കുറിപ്പ് തയാറാക്കുക.

# കേരളപാഠാവലി



## 2. മൈക്കലാഞ്ജലോ, മാപ്പ്



ഒ.എൻ.വി കുറുപ്പിന്റെ കവിതയാണ് മൈക്കലാഞ്ജലോ, മാപ്പ്. മൈക്കലാഞ്ജലോ നിർമ്മിച്ച പിയത്തയെന്ന ശില്പം ഒരാൾ തകർക്കാൻ ശ്രമിച്ചു. ഇതുസംബന്ധിച്ച് പത്രത്തിൽവന്ന വാർത്തയാണ് ഈ കവിതയെഴുതാൻ പ്രേരണയായത്. ശില്പം നേരിൽ കണ്ട അനുഭവം, ക്രൂശീകരണം, ശില്പനിർമ്മാണം, ശില്പം തകരുന്ന സന്ദർഭം മുതലായവ കവിതയിൽ അവതരിപ്പിക്കുന്നു. നന്മയ്ക്കു വേണ്ടിയുള്ള കഠിനാധ്വാനം അംഗീകരിക്കപ്പെടാത്തതിലെ ദുഃഖം കവി പ്രകടിപ്പിക്കുന്നു.

**പ്രധാന ആശയങ്ങൾ**

- ശില്പം നേരിൽ കണ്ട അനുഭവം അവതരിപ്പിക്കുന്നു.
- യേശുവിന്റെ ശവശരീരം അമ്മയായ മറിയയുടെ മടിയിൽ കിടത്തിയിരിക്കുന്ന രംഗമാണ് പിയത്തയെന്ന ശില്പത്തിൽ ചിത്രീകരിച്ചിരിക്കുന്നത്.
- യേശുവിന്റെ ശരീരത്തിലെ മുറിവുകളിൽനിന്ന് രക്തം ഒഴുകിയതിന്റെ പാടുകൾ ശരീരം മുഴുവൻ കാണാം.
- വിങ്ങിപ്പൊട്ടുന്ന മനസ്സുമായാണ് അമ്മ ഇരിക്കുന്നത്.
- തുടർന്ന് ക്രൂശീകരണത്തിന് കവി സാക്ഷിയാകുന്നു.
- അവിടെ നിൽക്കുന്ന മറിയ ഭൂമിയെപ്പോലെയാണ്.
- ഭൂമി പുറമേ ശാന്തം, പക്ഷേ ഉള്ള് കത്തിജ്വലിക്കുന്നു.
- തുടർന്ന് ശില്പനിർമ്മാണം നേരിൽ കാണുന്ന അനുഭവം അവതരിപ്പിക്കുന്നു.
- ചുറ്റികയുടെ സ്നേഹസ്പർശമാണ് പാഴ്ശിലയെ ശില്പമാക്കി മാറ്റിയത്.
- ആ നിർമ്മാണപ്രക്രിയയിൽ കവി പങ്കാളിയാവുന്നു.
- തുടർന്ന് ശില്പം തകരുന്ന രംഗം അവതരിപ്പിക്കുന്നു.
- ചുറ്റിക ഉപയോഗിച്ച് ഒരാൾ ശില്പം തകർത്തു.
- അയാൾ സമൂഹത്തിന്റെ ശ്രദ്ധനേടുന്നു.
- ആദർശങ്ങളില്ലാതെ പ്രവർത്തിച്ചവന് അംഗീകാരം ലഭിച്ചത് കവിയെ വേദനിപ്പിക്കുന്നു.

**ശരിയായ ഉത്തരം കണ്ടെത്തിയെഴുതുക**

1. അമ്മയെ വിശേഷിപ്പിക്കുന്ന പ്രയോഗം.

വെൺലില്ലിപ്പൂവ്

മുത്ത്

പാഴ്ചിപ്പി

ബിംബഭഞ്ജക

2. 'കരുണതൻ ഭാവഗാനത്തെ തൊട്ടുതൊട്ടുണർത്തവേ' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.

പിയത്തയെന്ന ശില്പം നിർമ്മിച്ചുകൊണ്ടിരിക്കുന്നു.

കരുണയുടെ ഭാവഗാനം കവി ആലപിക്കുന്നു.

പിയത്തയെന്ന ശില്പം മനസ്സിനെ തൊട്ടുണർത്തുന്നു.

ശില്പം കാണുന്നവർക്ക് കരുണ തോന്നുന്നു.

**രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെമെഴുതുക.**

3. 'ഇടിവെട്ടുമ്പോലൊരു ചുറ്റികമുട്ടും ശബ്ദം' ഇടിവെട്ടുമ്പോലെ എന്ന പ്രയോഗത്തിന്റെ സവിശേഷാർത്ഥം.

- ഇടിവെട്ടിന്റെ ശബ്ദം ഭയാനകമാണ്.
- തെറ്റായ പ്രവർത്തികൾ സമൂഹത്തെ ഭയപ്പെടുത്തുന്നു.
- മനുഷ്യന്റെ ധിക്കാരപരമായ പ്രവൃത്തി സമൂഹത്തിൽ ദോഷമുണ്ടാക്കും.
- ശില്പം രൂപപ്പെടുത്തിയെടുത്തതും തകർത്തതും ചുറ്റികകൊണ്ടാണ്.
- സമീപനരീതിയാണ് പ്രശ്നങ്ങൾ ഉണ്ടാക്കുന്നതും ഇല്ലാതാക്കുന്നതും.
- അറിവും ആയുധവും സമൂഹത്തിന്റെ നന്മയ്ക്കും തിന്മയ്ക്കും വിനിയോഗിക്കാം.

4. 'ഒന്നുറങ്ങുവാൻ പോലും ഡ്രഗ്ഗുകൾ തേടിപ്പോകും' – സമൂഹത്തിലെ എന്ത് പ്രവണതയാണ് ഇവിടെ സൂചിപ്പിക്കുന്നത്.

- ലഹരി വസ്തുക്കളുടെ അമിതമായ ഉപയോഗം
- തിന്മ ഭയത്തിന് കാരണമാകുന്നു.
- അസ്വസ്ഥ മനസ്സുമായി ജീവിക്കുന്നു.
- മനോരോഗിയായി മാറുന്നു

**അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

5. 'ഭൂമിക്കൊപ്പം അഴലിൻ ചുമടുമായിരിക്കുമൊരമ്മയെ' ചമത്കാരഭംഗി കണ്ടെത്തുക.

- ഭൂമിയുടെ പുറം ശാന്തം. ഉൾഭാഗത്ത് കത്തിജ്വലിച്ച അവസ്ഥ.
- മറിയയുടെ മുഖത്ത് കരുണരസം. എന്നാൽ മനസ്സിൽ തീവ്രദുഃഖം.
- ഭൂമിയും മറിയയും എല്ലാം സഹിക്കുന്നു.
- ഭൂമിയും മറിയയും നശിപ്പിക്കലിന്റെ ഫലം അനുഭവിക്കുന്നു.

6. 'അവനു ചുറ്റും ബിംബഭഞ്ജകപരിവേഷ –

മണിയിക്കുവാനേതോ ക്യാമറ കൺചിമ്മുന്നു!'

ആശയം വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

- ◈ സൃഷ്ടിപരമായ കാര്യങ്ങൾ ചെയ്യുന്നവർക്ക് അർഹമായ അംഗീകാരം ലഭിക്കുന്നില്ല. നശീകരണപ്രവർത്തനങ്ങൾ ചെയ്യുന്നവർ അംഗീകരിക്കപ്പെടുന്നു.
- ◈ ആദർശങ്ങളില്ലാത്തവരെയും അംഗീകരിക്കുന്ന സമൂഹവ്യവസ്ഥിതി.
- ◈ ലഹരിവസ്തുക്കളുടെ ഉപയോഗംമൂലം ചിന്താശേഷി നഷ്ടപ്പെട്ട ആൾ കാട്ടിയ തെറ്റിന് അംഗീകാരം.
- ◈ കലയും സംസ്കാരവും നശിപ്പിക്കുന്നവരും അംഗീകരിക്കപ്പെടുന്നു.

**പരിശീലനചോദ്യങ്ങൾ**

1 'നിന്നോടൊത്തുണർന്നു ഞാൻ നിന്നോ–

ടൊത്തുറങ്ങി ഞാൻ നിന്നോടൊത്തനശ്വരനായ് ഞാൻ' ആശയം വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

2. 'ഇടിവെട്ടുമ്പോലൊരു ചുറ്റികമുട്ടും ശബ്ദം' മൈക്കലാഞ്ജലോയും ശില്പം തകർത്തയാളും രണ്ട് തരത്തിലാണ് ചുറ്റിക ഉപയോഗിക്കുന്നത്. ആളുകളുടെ സമീപനരീതിയിലുള്ള വ്യത്യാസം സമൂഹത്തെ എങ്ങനെ സ്വാധീനിക്കുന്നുവെന്ന് വിലയിരുത്തി കുറിപ്പ് തയാറാക്കുക.

3 'പുഞ്ചിരിപ്പൂ ഞാൻ വീണ്ടുമുണർന്നാക്കുളുർവെണ്ണ

ക്കല്ലിനുമീതെ നിന്റെ ചുറ്റികയൊരു കരി

വണ്ടുപോൽ ചുറ്റിപ്പറന്നുളിതൻ നിറുകയിൽ

ചുംബിക്കും ഹർഷോന്മാദ സീൽക്കാരം കേൾക്കുന്നു ഞാൻ' കവിതയിലെ മറ്റ് സന്ദർഭങ്ങൾ കൂടി പരിഗണിച്ച് 'ചലനമാണ് കവിതയുടെ ജീവൻ' എന്ന വിഷയത്തിൽ ഉപന്യാസം തയാറാക്കുക.




'അപ്പോൾ നമ്മുടെ വേരുകളോ?
അതും ഈ അമ്മയായ ഭൂമിയിൽത്തന്നെ.'
ആശയം വിശകലനംചെയ്ത് കുറിപ്പ് തയാറാക്കുക.

സ്നേഹബന്ധങ്ങൾ ജീവിക്കാൻ പ്രേരിപ്പിക്കുന്നു.
പ്രതിസന്ധികൾ തരണംചെയ്യാൻ സഹായിക്കുന്നു.
വളർച്ചയ്ക്കാവശ്യമായ ഊർജ്ജം പകർന്നുനൽകുന്നു.
വീണുപോകാതെ സംരക്ഷിക്കുന്നു.
സഹവർത്തിത്വമനോഭാവം.

**വേരുകൾ (കഥ - ഡി.വിനയചന്ദ്രൻ)**

# 1. പ്ലാവിലക്കഞ്ഞി



തകഴി ശിവശങ്കരപിള്ളയുടെ രണ്ടിടങ്ങഴി എന്ന നോവലിലെ ഒരു ഭാഗമാണ് പ്ലാവിലക്കഞ്ഞി. കോരൻ, ചിരുത, കോരന്റെ അച്ഛൻ എന്നിവരാണ് കഥാപാത്രങ്ങൾ. കുട്ടനാട്ടിലെ കർഷകരുടെ ജീവിതം ഇതിൽ അവതരിപ്പിക്കുന്നു. അവർ കടുത്ത ദാരിദ്ര്യവും ചൂഷണവും അനുഭവിച്ചിരുന്നു. ജീവിതത്തിലെ ഇല്ലായ്മകളെ പരസ്പരസ്നേഹം കൊണ്ട് അവർ അതിജീവിക്കുന്നു.

**കഥാസൂചനകൾ**

- പുഷ്പവേലിൽ ഔസേപ്പ് എന്ന ജന്മിയുടെ ഒരു വേലക്കാരനാണ് കോരൻ.
- നിലം നികത്തി പുരയിടമാക്കാൻ ഔസേപ്പ് വേലക്കാരോട് ആവശ്യപ്പെട്ടു.
- ജോലി തുടങ്ങിയ ദിവസം മുക്കാൽ രൂപ കൂലി കൊടുത്തു.
- കൂലിയായി നെല്ല് തരണമെന്ന് കോരൻ അപേക്ഷിച്ചു.
- ഔസേപ്പ് നെല്ല് കൂലിനൽകാൻ തയാറായില്ല.
- കൂടെയുണ്ടായിരുന്ന പണിക്കാർ കൂലി ചോദിക്കാൻപോലും ഭയന്നിരുന്നു.
- കോരന്റെ ഭാര്യയായ ചിരുത അന്ന് പകൽ പട്ടിണിയായിരുന്നു.
- അവൾക്ക് വല്ലതും കഴിക്കാൻ നൽകണമെന്ന ആഗ്രഹം കോരനുണ്ട്.
- മുക്കാൽ രൂപയുമായി പാതിരാവരെ നെല്ല് അന്വേഷിച്ച് നടക്കുന്നു.
- വിലക്കൂടുതൽ കാരണം മുക്കാൽ രൂപയ്ക്ക് നെല്ല് കിട്ടുന്നില്ല.
- പാതിരായ്ക്കുശേഷം അൽപം അരിയും കപ്പയുംവാങ്ങി കോരൻ കുടിലിലെത്തി.
- ചിരുത ഭക്ഷണം പാകം ചെയ്തു.
- ഒരു ചട്ടിക്ക് ഇരുവശവുമിരുന്ന് അവർ ആഹാരം കഴിച്ചു.
- അൽപം ആഹാരം മാറ്റിവച്ച് അടുത്ത പ്രഭാതത്തിൽ കോരന് നൽകി.

- ❖ രണ്ടാംദിവസം ഒരു രൂപ കൂലിയായി ഔസേപ്പ് നൽകുന്നു.
- ❖ അരിയും കപ്പയും വാങ്ങി വീട്ടിലെത്തി.
- ❖ കോരന്റെ അച്ഛൻ കോരനെ കാണാൻ ആദ്യമായി അന്ന് എത്തിയിരുന്നു.
- ❖ അച്ഛനെ സംരക്ഷിക്കാതിരുന്നതോർത്ത് കോരൻ ദുഃഖിക്കുന്നു.
- ❖ ഒരുമിച്ചിരുന്ന് അത്താഴം കഴിക്കുന്നു.
- ❖ അച്ഛന് വയറുനിറയെ അരിയാഹാരം നൽകണമെന്ന് ആഗ്രഹിക്കുന്നു.
- ❖ അടുത്തദിവസം വീണ്ടും ജോലിക്ക് പോകുന്നു.

**ശരിയായ ഉത്തരം കണ്ടെത്തിയെഴുതുക**

1. 'തട്ടും മുട്ടും ചെണ്ടയ്ക്കും പണം മാരാർക്കും' എന്ന ശൈലിയോട് യോജിക്കുന്ന പ്രസ്താവന എത്?

   പിണങ്ങിയിരുന്നിട്ടും അച്ഛൻ അവസാനം അവനെ തേടിവന്നു.

   അവൻ ഉണ്ടാക്കിയ നെല്ല് മറ്റാരുടെയോ ആയിരുന്നു.

   ചിരുത അന്ന് അരിയിട്ട് തിളപ്പിച്ച വെള്ളം കുടിച്ചിട്ടില്ല.

2. 'പിറ്റേന്നു കാലത്ത് ആ നാഴി കഞ്ഞിവെള്ളവും നാല് കഷണം കപ്പയും ഒരു വഴക്കിനു കാരണമായി.' ഈ വരികൾ സൂചിപ്പിക്കുന്നത്.

   കോരനും ചിരുതയും ഭക്ഷണത്തിനുവേണ്ടി വഴക്കുണ്ടാക്കിയിരുന്നു.

   കോരൻ ചിരുതയ്ക്ക് ഭക്ഷണം നൽകാൻ തയാറല്ലായിരുന്നു.

   കോരന് വയറുനിറയെ കഴിക്കാൻ ആവശ്യമായ ഭക്ഷണം ഇല്ലായിരുന്നു.

   കോരനും ചിരുതയും തമ്മിലുള്ള പരസ്പരസ്നേഹവും കരുതലും.

**രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക**

3. 'അപരാധബോധം കോരന്റെ ഹൃദയത്തെ നോവിച്ചു'

   'അതൊരു അക്ഷന്തവ്യമായ അപരാധമാണ്.

   ഒരു തരത്തിലും ആ തെറ്റ് ന്യായീകരിക്കാവുന്നതല്ല.'

   കോരന്റെ വാക്കുകൾ അദ്ദേഹത്തിന്റെ ധാർമ്മികബോധത്തെ സംബന്ധിച്ച് നൽകുന്ന രണ്ട് സൂചനകൾ കുറിക്കുക

   - ❖ ചിരുതയുമായി മറുനാട്ടിലേക്ക് പോയതിലുള്ള കുറ്റബോധം.
   - ❖ മക്കൾ മാതാപിതാക്കളെ ശരിയായി സംരക്ഷിക്കണം.
   - ❖ മാതാപിതാക്കളെ സംരക്ഷിക്കാത്തത് ന്യായീകരിക്കാൻ കഴിയില്ല.
   - ❖ വൃദ്ധരായ മാതാപിതാക്കളെ സംരക്ഷിക്കുന്നത് കടം വീട്ടലാണ്.
   - ❖ സംരക്ഷണം മാതാപിതാക്കളുടെ അവകാശമാണ്.

4. 'തമ്പ്രാ, ഏനു നെല്ല് കൂലി മതി. ചക്രം മേണ്ട' കുട്ടനാട്ടിലെ കർഷകരുടെ ജീവിതത്തെക്കുറിച്ച് എന്തെല്ലാം സൂചനകൾ ഇതിലുണ്ട്?

   - ❖ ഭക്ഷണത്തിനുള്ള വകപോലും കൂലിയായി ലഭിക്കാത്ത അവസ്ഥ.
   - ❖ ജന്മിത്വത്തിനെതിരെ ഒറ്റപ്പെട്ട പ്രതിഷേധം.
   - ❖ കർഷകർ അനുഭവിച്ചിരുന്ന ദാരിദ്ര്യവും ചൂഷണവും.

**അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

5. പ്ലാവിലക്കഞ്ഞിയെന്ന തലക്കെട്ടിന്റെ ഔചിത്യം വിലയിരുത്തുക

   - ❖ കർഷകർ അനുഭവിച്ച തീവ്രമായ ദാരിദ്ര്യവും ചൂഷണവും.
   - ❖ അവരുടെ കഞ്ഞി, അരിയിട്ട് തിളപ്പിച്ച വെള്ളം മാത്രമാണ്.
   - ❖ ഒരു ദിവസത്തെ കൂലികൊണ്ട് ഉണ്ടാക്കാൻ കഴിയുന്ന ഏറ്റവും മികച്ച ഭക്ഷണം ഈ കഞ്ഞിയാണ്.

❖ ഒരു പ്ലാവില കഞ്ഞിപോലും അച്ഛന് കുടിക്കാൻ കിട്ടുന്നില്ല.

6. 'എന്നാല് ഏനും കുടിക്കത്തില്ല.'

'ഏന് മയറ്റില് ഒരു കമ്പിതമെടീ' പ്ലാവിലക്കഞ്ഞിയിലെ സംഭാഷണഭാഷയുടെ സവിശേഷതകൾ വിലയിരുത്തി കുറിപ്പ് തയാറാക്കുക.

❖ കുട്ടനാട്ടിലെ സംസാരഭാഷ.

❖ കുടിയാൻമാരുടെ വിനയം കാണിക്കുന്നു.

❖ തമ്പ്രാൻമാരുടെ അധികാരമനോഭാവം പ്രകടിപ്പിക്കുന്നു.

❖ കഥയുടെ സ്വാഭാവികാന്തരീക്ഷം.

❖ കുടുംബാംഗങ്ങളുടെ സ്നേഹം കാണിക്കുന്നു

**ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

7. 'ചിരുതയ്ക്കും വാശിയുണ്ട്. അവസാനം അവളുടെ പ്രേരണയ്ക്ക് കോരൻ വശപ്പെട്ടുപോയി.'

'ഏനു കോരിക്കോരിത്തന്നു.' ചിരുത കൃതകൃത്യയായി:

'അച്ചൻ ചുമ്മാ പറയുവാ, ഏനും കുടിച്ചു.'

ജീവിതത്തിലെ ഇല്ലായ്മകളെ സ്നേഹം കൊണ്ട് അതിജീവിക്കുകയാണ് പ്ലാവിലക്കഞ്ഞിയിലെ കഥാപാത്രങ്ങൾ ചെയ്യുന്നത്. സമർത്ഥിക്കുക.

| | |
|---|---|
| കോരന് ചിരുതയോടുള്ള സ്നേഹം | ➢ അത്താഴത്തിന് അരി അന്വേഷിച്ച് നടക്കുന്നു.<br>➢ അത്താഴം മുഴുവൻ ചിരുതയെകൊണ്ട് കഴിപ്പിക്കാൻ ശ്രമിക്കുന്നു.<br>➢ ഒരു ചട്ടിക്കപ്പുറവുമിപ്പുറവുമിരുന്ന് കഞ്ഞികുടിക്കുന്നു |
| ചിരുതയ്ക്ക് കോരനോടുള്ള സ്നേഹം | ➢ കോരന് നൽകാൻ അത്താഴത്തിൽനിന്ന് അല്പം മാറ്റിവയ്ക്കുന്നു.<br>➢ കോരനെ കാത്ത് ഉറങ്ങാതിരിക്കുന്നു.<br>➢ ഒരു ചട്ടിക്കപ്പുറവുമിപ്പുറവുമിരുന്ന് കഞ്ഞികുടിക്കുന്നു |
| അച്ഛനോടുള്ള സ്നേഹം | ➢ അച്ഛനെ ഉപേക്ഷിച്ചത് അപരാധമെന്ന് കരുതുന്നു.<br>➢ അച്ഛന് ഭക്ഷണം നൽകിയത് കടംവീട്ടലായി കരുതുന്നു. |

1. 'ചിരുത കൃതകൃത്യയായി.' കൃതകൃത്യയായി എന്നപദത്തിന്റെ സവിശേഷാർത്ഥം എഴുതുക.

2. 'അതു കണ്ണുതണുപ്പിക്കുന്ന ഒരു കാഴ്ചയായിരുന്നു.' ചിരുതയും കോരന്റെ അച്ഛനും സംസാരിച്ചിരിക്കുന്ന സന്ദർഭത്തെ ഇങ്ങനെ വിശേഷിപ്പിക്കാൻ കാരണമെന്ത് ?

3. 'ജീവിതത്തിന് എന്തെന്തു സംഭാവനകൾ ചെയ്ത ഒരു ജീവിതത്തിന്റെ അവസാനാധ്യായങ്ങളാണ് ഒരു കുറുകുറുപ്പോടെ അവിടെ വലിച്ചുകഴിയുന്നത് !'

പാഠഭാഗവും ആനുകാലികസംഭവങ്ങളും വിശകലനം ചെയ്ത് 'കർഷകരുടെ പ്രശ്നങ്ങൾ അന്നും ഇന്നും'എന്ന വിഷയത്തിൽ മുഖപ്രസംഗം തയാറാക്കുക

4. ചിരുതയെന്ന കഥാപാത്രത്തിന്റെ സ്വഭാവം നിരൂപണം ചെയ്യുക.



# അടിസ്ഥാനപാഠാവലി

## 2. ഓരോ വിളിയും കാത്ത്



യു കെ കുമാരന്റെ കഥയാണ് ഓരോ വിളിയും കാത്ത്. കുടുംബബന്ധത്തിന്റെ ആഴം ഇതിലുണ്ട്. അച്ഛന്റെ സാന്നിദ്ധ്യം നിറഞ്ഞുനിന്ന വീടു വിട്ടുപോകാൻ അമ്മയ്ക്ക് കഴിയുന്നില്ല. അമ്മ കൂടെ പോകാത്തതിൽ മകൻ വിഷമിക്കുന്നു. അച്ഛൻ കിടപ്പിലായിരുന്നപ്പോൾ പോലും വീട്ടുകാര്യങ്ങൾ ശ്രദ്ധിച്ചിരുന്നു. കുടംബാംഗങ്ങൾ തമ്മിലുള്ള സ്നേഹമാണ് ഇവിടെ കാണുന്നത്.

**കഥാസൂചനകൾ**

- അച്ഛൻ കിടപ്പിലായിരുന്നപ്പോഴും വീട്ടുകാര്യങ്ങൾ അച്ഛൻ ശ്രദ്ധിച്ചിരുന്നു.
- അമ്മ അച്ഛന്റെ നിർദ്ദേശങ്ങൾ പൂർണ്ണമായി അനുസരിച്ചിരുന്നു.
- അച്ഛൻ വിളിക്കുമ്പോഴെല്ലാം അമ്മ അടുത്തെത്തും.
- ഒരുനാൾ അച്ഛൻ മരിച്ചുപോയി.
- അമ്മ വീട്ടിൽ ഒറ്റയ്ക്കായി.
- അമ്മയെ ജോലിസ്ഥലത്തേക്ക് കൂട്ടിക്കൊണ്ടുപോകാൻ മകൻ ശ്രമിക്കുന്നു.
- വാവുകഴിഞ്ഞു നഗരത്തിലേക്ക് പോകാമെന്ന് സമ്മതിക്കുന്നു.
- വീട് വാടകയ്ക്ക് കൊടുക്കാൻ തീരുമാനിക്കുന്നു.
- പോകേണ്ടതിന്റെ തലേദിവസം എല്ലാം അമ്മ ക്രമീകരിച്ചുവയ്ക്കുന്നു.
- പോകേണ്ട ദിവസംനേരം പുലർന്നിട്ടും അമ്മ എഴുന്നേറ്റില്ല.
- മകൻ അമ്മയെ വിളിച്ചുണർത്തുന്നു.
- വീടുവിട്ട് എങ്ങും വരുന്നില്ലെന്ന് അമ്മ പറയുന്നു.
- അച്ഛൻ ഇപ്പോഴും തന്നെ വിളിച്ചുകൊണ്ടിരിക്കുന്നെന്ന് അമ്മ പറയുന്നു.

**ശരിയായ ഉത്തരം കണ്ടെത്തിയെഴുതുക**

1. 'ഇവിടെ അമ്മയെ തനിച്ചു നിർത്തിയിട്ട് ഞാനെങ്ങന്യാ പോവ്വാ.' ഇങ്ങനെ പറയാൻ കാരണം.

   അമ്മയോടുള്ള സ്നേഹം.

   വിശ്വാസമില്ലായ്മ.

   പോകാനുള്ള താല്പര്യമില്ലായ്മ.

തനിച്ചിരിക്കാനുള്ള ആഗ്രഹം.

2. 'അച്ഛന്റെ ശബ്ദവും സാന്നിധ്യവുമായിരുന്നു വീട്.' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.

അച്ഛൻ വളരെ ഉച്ചത്തിൽ സംസാരിച്ചിരുന്നു.

അച്ഛൻ വഴക്കുണ്ടാക്കുമായിരുന്നു.

അച്ഛൻ മാത്രമാണ് ഉറക്കെ സംസാരിച്ചിരുന്നത്.

വീട്ടുകാര്യങ്ങൾ നിയന്ത്രിച്ചിരുന്നത് അച്ഛനാണ്.

**രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക**

3. 'കാറ്റിൽ ശബ്ദങ്ങളുടെ കരിയിലകൾ അപ്പാടെ പാറിപ്പോയിരിക്കുന്നു.' ശബ്ദങ്ങളുടെ കരിയിലകൾ എന്ന പ്രയോഗം സൂചിപ്പിക്കുന്നതെന്ത് ?

- ♦ കാറ്റിന്റെയും മരണത്തിന്റെയും വരവ് മുൻകൂട്ടി അറിയാൻ കഴിയില്ല.
- ♦ കരിയില വാർദ്ധക്യത്തിന്റെ സൂചനയാണ്.
- ♦ മരണം വരെ അച്ഛന്റെ ശബ്ദം വീട്ടിൽ നിറഞ്ഞുനിന്നു.

4. ഏകാന്തതയുടെ തുരുത്തുകൾ അമ്മയ്ക്ക് ഒരിക്കലും വിശ്രാന്തിയുടെ ഇടവേളയാകാറില്ല. മകൻ ഇങ്ങനെ ചിന്തിക്കാൻ കാരണമെന്ത് ?

- ♦ അച്ഛന്റെ മരണത്തോടെ അമ്മ ഒറ്റപ്പെട്ടു.
- ♦ അമ്മ ശാരീരികമായും മാനസികമായും തളരുമെന്ന് മകൻ കരുതുന്നു.
- ♦ സ്വന്തം ശാരീരികാവസ്ഥയെക്കുറിച്ച് ചിന്തിച്ചുതുടങ്ങും.

**അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

5. ആത്മബന്ധത്തിന്റെ തീവ്രതയാണ് 'ഓരോ വിളിയും കാത്ത്' എന്ന കഥയിൽ കാണുന്നത് കഥാസന്ദർഭങ്ങൾ വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

- ♦ അച്ഛനും അമ്മയും തമ്മിലുള്ള ബന്ധം.
- ♦ അച്ഛനും കൃഷിയും തമ്മിലുള്ള ബന്ധം.
- ♦ അമ്മയും മകനും തമ്മിലുള്ള ബന്ധം.
- ♦ അമ്മയുടെ മനസ്സറിഞ്ഞ് പ്രവർത്തിക്കുന്ന അച്ഛൻ.
- ♦ അമ്മയുടെ മനസ്സ് വിഷമിക്കരുതെന്ന് ആഗ്രഹിക്കുന്ന മകൻ.
- ♦ തന്റെ നേർക്കുള്ള വിളികൾ മനസ്സിലാക്കുന്ന അമ്മ.

6. 'മനസ്സിന്റെ ക്ലാവുപിടിച്ച കണ്ണാടിയിലൂടെ അച്ഛൻ കണ്ടതെല്ലാം ശരിയായിരുന്നുവെന്ന്.' മറ്റു സന്ദർഭങ്ങൾകൂടി പരിഗണിച്ച്, 'ഓരോ വിളിയും കാത്ത്' എന്ന കഥയുടെ ആഖ്യാന സവിശേഷതകൾ കണ്ടെത്തിയെഴുതുക.

- ♦ കാവ്യാത്മകമായ പ്രയോഗങ്ങൾ.
- ♦ മറ്റ് കഥാപാത്രങ്ങളുടെ ഓർമ്മകളിലൂടെ അച്ഛനെ അവതരിപ്പിക്കുന്നു.
- ♦ പ്രതീക്ഷിക്കാത്ത രീതിയിൽ കഥ അവസാനിക്കുന്നു.
- ♦ പരസ്പരസ്നേഹം വ്യക്തമാക്കുന്ന സംഭാഷണങ്ങൾ.

**ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

"കിടപ്പിലായിരുന്നപ്പോൾപോലും, വീടിന്റെ ഓരോ കാര്യത്തിലും അച്ഛൻ ഏറെ ശ്രദ്ധിച്ചിരുന്നു."

"ഓർക്ക് ഇതെല്ലാം കാണാൻ ഏടേം പോണോന്നില്ല. ആട കെടന്നാലറിയാം കാറ്റ് എങ്ങോട്ടാ അടിക്കുന്നതെന്ന്."

അച്ഛനെക്കുറിച്ചുള്ള സമ്പന്നമായ ഓർമ്മകളാണ് 'ഓരോ വിളിയും കാത്ത്' എന്ന കഥയെ ആസ്വാദ്യമാക്കുന്നത്. മറ്റ് കഥാപാത്രങ്ങളുടെ ഓർമ്മകളിൽ തെളിയുന്ന അച്ഛനെക്കുറിച്ച് കഥാപാത്രനിരൂപണം തയാറാക്കുക.

- കർഷകമനസ്സ്.
- വീട്ടുകാര്യങ്ങളിലുള്ള ശ്രദ്ധ.
- കുടുംബത്തിലെ ഉത്തരവാദിത്വങ്ങൾ നിർവഹിച്ചിരുന്നു.
- അമ്മയുടെ മനസ്സ് മനസ്സിലാക്കുന്നു.
- വിഷമതകൾ പങ്കുവച്ച് ആശ്വസിക്കാൻ അമ്മയ്ക്ക് അവസരം നൽകിയിരുന്നു.
- മരണംകൊണ്ട് വീട്ടിൽ ഒരു ശൂന്യത സൃഷ്ടിക്കാൻ കഴിഞ്ഞു.




# 3. അമ്മത്തൊട്ടിൽ



പുതുതലമുറയിലെ ശ്രദ്ധേയമായ കവി റഫീക്ക് അഹമ്മദ് രചിച്ച കവിതയാണ് അമ്മത്തൊട്ടിൽ. വൃദ്ധയായ അമ്മയെ മകൻ ഉപേക്ഷിക്കാൻ ശ്രമിക്കുന്നതും അയാൾക്ക് അതിന് സാധിക്കാത്തതും കവിതയിൽ ആവിഷ്ക്കരിക്കുന്നു. ഉപേക്ഷിക്കപ്പെടുന്ന വാർദ്ധക്യം ഇന്ന് വലിയൊരു സാമൂഹ്യപ്രശ്നമായി. കേരളീയരുടെ മുന്നിലും ചോദ്യചിഹ്നമായി നിൽക്കുന്നു.

**കവിതയിലൂടെ**

1. വൃദ്ധയായ അമ്മയെ കാറിൽ കയറ്റി ഉപേക്ഷിക്കാൻ മകൻ ശ്രമിക്കുന്നു.
2. അമ്മയെ ഉപേക്ഷിക്കാൻ തീരുമാനിച്ച മകൻ നഗരത്തിലേയ്ക്ക് തിരിക്കാനൊരുങ്ങുമ്പോൾ കാറിൽ പിൻസീറ്റിൽ അമ്മയെ ചാരിയിരുത്താൻ പോലും കഴിയുന്നില്ല.
3. അമ്മയെ ആധുനികതയുടെ മുഖമെഴുത്തായി മാറിയ മാളിലേയ്ക്കും പിന്നെ ആശുപത്രി പരിസരത്തേയ്ക്കും വിദ്യാലയ മുറ്റത്തേയ്ക്കും കോവിൽ പരിസരത്തേയ്ക്കും നടതള്ളുവാൻ കൊണ്ടുപോയെങ്കിലും മകന് അത് കഴിയാതെ പോകുന്നു.
4. അമ്മ നൽകിയ സ്നേഹസാന്ത്വനങ്ങളുടെ ഓർമ്മകൾ അയാൾക്ക് തടസ്സം നിൽക്കുന്നു. മകന് കുറ്റബോധം ഉണ്ടാകുന്നു.
5. ഉപേക്ഷിക്കാൻ കഴിയാതെ തിരിച്ചു വരുമ്പോഴേക്കും അമ്മ മരണത്തിലേയ്ക്ക് യാത്രയാകുന്നു.

**ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.** (1 മാർക്ക്)

1. നീരറ്റു വറ്റി വരണ്ട തെരഞ്ഞെടുത്തെഴുതുക.

   (അമ്മയുടെ അവശത, മകന്റെ നിസ്സഹായത, അമ്മയുടെ പ്രതിഷേധം, മകന്റെ സ്നേഹം)

2. അന്നത്തെ സൂചി പ്രയോഗത്തിന്റെ നീറ്റൽ പോലെയാണ് മനസ്സിലൂടപ്പോൾ കടന്നു പോയ് അടിവരയിട്ട പ്രയോഗം സൂചിപ്പിക്കുന്നത്.

   (കുറ്റബോധം, ആശ്വാസം, ശരീരവേദന)

**രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.**

3. കുട്ടിയേകാന്തത കണ്ണുപൊത്തിക്കളിക്കുന്നു. വിദ്യാലയമുറ്റം ഈ പ്രയോഗത്തിന്റെ ഔചിത്യമെന്ത്?

**സൂചന**
- രാത്രി സ്കൂൾ മുറ്റം വിജനം പകൽ കുട്ടികളെ കൊണ്ട് സമൃദ്ധം
- കുട്ടികൾ ഏർപ്പെടുന്ന വിവിധ കളികൾ
- കുട്ടിയാകുന്ന ഏകാന്തത കണ്ണുപൊത്തി കളിക്കുന്ന മൈതാനം

4. ഇപ്പെരുമാളിന്റെ (ഇ പെരും ആളിന്റെ) ഈ വരി നൽകുന്ന അർത്ഥസൂചന എന്ത്?

**സൂചന** 1. ഉപഭോഗസംസ്കാരത്തിന്റെ പ്രതീകം

2. ആധുനിക കാലഘട്ടത്തെ നിയന്ത്രിക്കുന്ന സംസ്കാരം

3. ഉപയോഗിക്കുക വലിച്ചെറിയുക എന്ന രീതി.

4. സ്വാഭിപ്രായം

**താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

5. "പീളയടിഞ്ഞ നിറംപോയ കണ്ണുകൾ

എന്തേയടക്കാതെ വച്ചമ്മ നിർദ്ദയം" – ആശയം വിശദമാക്കുക.

**സൂചന :** 1. യാത്രയ്ക്കിടയിലെ അമ്മയുടെ മരണം

2. കെട്ടകാലത്തെ കാഴ്ചകൾക്ക് തുറന്നുവച്ച കണ്ണ്

3. മക്കൾക്ക് വേണ്ടി എത്രകാലം കാത്തിരിക്കാനും തയ്യാറാണ്.

4. കണ്ണിമ ചിമ്മാതെ കുഞ്ഞുങ്ങളെ സംരക്ഷിക്കുന്ന മാതൃത്വം

5. മകന്റെ സുരക്ഷയ്ക്കായി തുറന്നു പിടിച്ച കണ്ണുകൾ

6. അമ്മയുടെ നോട്ടം നിർദ്ദയമായി മകന് തോന്നുന്നു.

6. "പെറ്റുകിടക്കും തെരുവുപട്ടിക്കെന്തൊ–

രൂറ്റം കുരച്ച് ചാടിക്കുതിക്കുന്നു." – ഈ വരികൾ കവിതയ്ക്ക് നൽകുന്ന സവിശേഷാർത്ഥം കണ്ടെത്തി വിശകലനകുറിപ്പ് തയ്യാറാക്കുക.

**സൂചന** 1. പ്രസവിച്ചു കിടക്കുന്ന പട്ടിയ്ക്ക് ഉശിര് കൂടും

2. കുട്ടിയെ സംരക്ഷിക്കാനുള്ള വ്യഗ്രത

3. അടുത്തേയ്ക്ക് വരുന്നവർക്ക് നേരെയുള്ള ശൗര്യം

4. വിശേഷബുദ്ധിയില്ലാത്ത ആ മൃഗത്തിന്റെ ബുദ്ധിപോലുമില്ലാതാകുന്ന മനുഷ്യ സമൂഹം.

5. മൃഗങ്ങളിൽ പോലും മാതൃ–പുത്ര ബന്ധത്തിന്റെ ഊഷ്മളത ദൃശ്യമാകുമ്പോൾ ജന്മം നൽകി വളർത്തിയ അമ്മയെ തെരുവിലേയ്ക്ക് വലിച്ചെറിയാൻ ശ്രമിക്കുന്നു.

6. പ്രകൃതിയും മിണ്ടാപ്രാണിയും പരിഷ്കൃതമായ മനുഷ്യന് നൽകുന്ന പാഠങ്ങൾ

**ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

7. അവഗണിക്കപ്പെടുന്ന വാർദ്ധക്യത്തിന്റെ നിസ്സഹായത വ്യക്തമാക്കുന്ന കവിതയാണ് റഫീക്ക് അഹമ്മദിന്റെ അമ്മത്തൊട്ടിൽ എന്ന കവിത. സമകാലിക സംഭവങ്ങളുമായി ബന്ധപ്പെടുത്തി ലഘു ഉപന്യാസം തയ്യാറാക്കുക.

**സൂചന**
- അമ്മയെ ഉപേക്ഷിക്കാനുള്ള മകന്റെ ശ്രമങ്ങളും അതിനെ തടയുന്ന ഓർമകളും
- അമ്മയുടെ ദൈന്യത, നിസ്സഹായത
- ഹൃദയസ്പർശിയായ പ്രയോഗങ്ങൾ
- സ്നേഹപരിചരണങ്ങൾ ലഭിക്കേണ്ട വാർദ്ധക്യം ക്ഷേത്രങ്ങൾ, വൃദ്ധസദനങ്ങൾ എന്നിവിടങ്ങളിൽ എത്തിപ്പെടുന്നു.
- സമകാലിക സംഭവങ്ങൾ.

**പരിശീലന ചോദ്യങ്ങൾ**

1. കണ്ണുകൾ മങ്ങിപ്പഴകിയ<u>പ്പിഞ്ഞാണവർണ്ണ</u>മായ് – അടിവരയിട്ട പ്രയോഗത്തിന്റെ സവിശേഷതാർത്ഥം എന്ത്?

2. “ഏറെത്തണുക്കുന്നു ചില്ലുയർത്തീടുമ്പോ-

 ളോർത്തു കരിമ്പടം അമ്മ വയറ്റത്തു

 പറ്റിക്കിടക്കുന്ന ചൂട്, മുഷിവുമായ്

 കാച്ചെണ്ണ ചേരുന്ന ഗന്ധം, പുലർച്ചയി-

 ലോലക്കൊടികൾ പുകയുന്നതിൻ മണം”

 – അമ്മയും മകനും തമ്മിലുള്ള വൈകാരിക ബന്ധമാണ് ഈ വരികളിൽ സൂചിതമാകുന്നത്. വിശകലനക്കുറിപ്പ് തയ്യാറാക്കുക.

3. ‘അമ്മത്തൊട്ടിൽ’ എന്ന ശീർഷകത്തിന്റെ ഔചിത്യം

യൂണിറ്റ് 2

# അടിസ്ഥാനപാഠാവലി

## നിലാവ് പെയ്യുന്ന നാട്ടുവഴികൾ



ജീവിക്കുന്ന മനുഷ്യരുടെ നന്മതിന്മകളാണ് നാടിനെ അടയാളപ്പെടുത്തുന്നത്. നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന നാട്ടിൻപുറ കാഴ്ചകളിലേയ്ക്കും കേരളീയ ജീവിതാനുഭവങ്ങളിലേയ്ക്കുമുള്ള ഗൃഹാതുരത്വമുണർത്തുന്ന ഒരു തിരിഞ്ഞുനോട്ടമാണ് നിലാവുപെയ്യുന്ന നാട്ടുവഴികൾ എന്ന യൂണിറ്റ്.

യൂണിറ്റിന്റെ പ്രവേശകമായി നൽകിയിരിക്കുന്ന പുറനാനൂറിൽ നിന്നെടുത്ത ഔവ്വയാറിന്റെ ഈരടിയിൽ നാടിന്റെ നന്മ നാട്ടുകാരുടെ നേരിന്റെ വെളിച്ചമാണെന്ന സന്ദേശം നൽകുന്നു.

# 1. കൊച്ചുചക്കരച്ചി



എ.പി.ഉദയഭാനുവിന്റെ ലളിതോപന്യാസം. പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ആത്മബന്ധത്തിന്റെ ഹൃദ്യമായ ആവിഷ്കാരം കൊച്ചുചക്കരച്ചി എന്ന നാട്ടുമാവുമായുള്ള ലേഖകന്റെയും കുടുംബത്തിന്റെയും ആത്മബന്ധം ആവിഷ്കരിക്കുന്നു.

**പാഠത്തിലേയ്ക്ക്**

1. ലേഖകന്റെ വീട്ടുവളപ്പിലെ മാവാണ് കൊച്ചുചക്കരച്ചി.
2. വൃക്ഷങ്ങൾ പലതുണ്ടെങ്കിലും വൃക്ഷങ്ങളിൽ വച്ച് വൃക്ഷമായത് മാവ് തന്നെയാണ്.
3. മാവിനെ കുടുംബാംഗമായി കരുതുന്നു.
4. മാവിൽ മനുഷ്യഭാവം ആരോപിക്കുന്ന നിരവധി സന്ദർഭങ്ങൾ
5. മാവ് വീടിന് അപകടമുണ്ടാക്കുമോ എന്ന സംശയം. അതിനാൽ മാവ് മുറിച്ച് കളയണമെന്ന് വാദിക്കുന്നു.
6. മാവ് വീഴില്ല, വീണാലും ആപത്തു വരുത്തുകയില്ല എന്ന അമ്മയുടെ ഉറച്ച നിലപാട്.
7. ഇരുപതു വർഷം മുമ്പ് അല്പം തെക്ക് പടിഞ്ഞാറ് ചാഞ്ഞ് കൊച്ചുചക്കരച്ചി മുറിഞ്ഞു വീണു തികച്ചും നിരുപദ്രവമായി.
8. കൊച്ചുചക്കരച്ചി നേരുള്ള മാവാണ്. അവൾ ദോഷം വരുത്തുകയില്ല എന്നുള്ള അമ്മയുടെ വിശ്വാസം ജയിച്ചു.

**ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.**

1. മാമ്പഴം എന്ന കവിതയിലൂടെ മലയാളകാവ്യലോകത്ത് ചിരപ്രതിഷ്ഠ നേടിയ കവി?

   (ഒ.എൻ.വി, ഇടശ്ശേരി, വൈലോപ്പിള്ളി, ചങ്ങമ്പുഴ)

2. വിഗ്രഹിച്ചെഴുതുക.

   കൊതിയ സമാജം : ....................................

   ശാഖോപശാഖകൾ : ....................................

**രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.**

3. കൊച്ചുചക്കരച്ചി വീഴില്ല, വീണാലും അവൾ ആപത്തു വരുത്തുകയില്ല. ഇവിടെ തെളിയുന്ന അമ്മയുടെ മനോഭാവം.

   1. മാവിലുള്ള വിശ്വാസം
   2. പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ആത്മബന്ധം
   3. അമ്മയുടെ വിശ്വാസം പോലെ അപകടരഹിതമായി മാവു വീഴുന്നു.

4. തുലാവർഷക്കാറ്റുകളും കാലവർഷക്കാറ്റുകളും ആ മുത്തശ്ശിയുടെ നിബിഡവും ശ്യാമളവുമായ തലമുടികളിൽക്കൂടെ വിരലോടിച്ചു പോകുക മാത്രം ചെയ്തു. ഈ വാക്യത്തിന്റെ പ്രയോഗഭംഗി കണ്ടെത്തി എഴുതുക.

   1. മുത്തശ്ശി എന്ന പ്രയോഗത്തിലൂടെ കൊച്ചുചക്കരച്ചിയ്ക്ക് മനുഷ്യഭാവം നൽകിയിരിക്കുന്നു.
   2. നിബിഡവും ശ്യാമളവുമായ തലമുടി എന്ന പ്രയോഗം കൊച്ചുചക്കരച്ചിയുടെ ഹരിതസമൃദ്ധിയെ സൂചിപ്പിക്കുന്നു.

**അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

"ഇരുപാർശ്വവും രണ്ടുപേടകളാൽ അനുസേവ്യനായി നിൽക്കുന്ന പേടകളെപ്പോലെ" കൊച്ചുചക്കരച്ചി എന്ന ഉപന്യാസത്തിന്റെ ഭാഷാശൈലിയുടെ പ്രത്യേകതകൾ.

1. കാവ്യാത്മകമായ ശൈലി
2. അനുഭവസുഖം പകരുന്ന വർണ്ണന
3. ഗ്രാമീണ പദങ്ങളുടെ ഉപയോഗം
4. നാട്ടറിവുകളുടെ ശേഖരണം
5. പ്രകൃതിയിൽ മനുഷ്യത്വാമാരോപിക്കുന്ന ഭാഷ.

6. എന്നാൽ സ്വയം ചത്തും മാവിനെ കാത്തു രക്ഷിച്ചു പോന്ന നീറുകൾ എന്ന ചാവേറ്റുപട കൊച്ചുചക്കരച്ചിയിൽ കയറാൻ ശ്രമിച്ചവരെ എല്ലാം തോല്പിച്ച് ഓടിച്ചു കളഞ്ഞു. പ്രകൃതിയെ സംരക്ഷിക്കുന്നതിൽ ജീവജാലങ്ങൾ പുലർത്തുന്ന കരുതൽ മനുഷ്യന് നൽകുന്ന പാഠമെന്ത്?

   1. പ്രകൃതി എല്ലാ ജീവജാലങ്ങളുടെയും ആശ്രയസ്ഥാനം
   2. പ്രകൃതിയിൽ ഓരോ ജീവജാലവും പാരസ്പര്യത്തോടെ നിലനിൽക്കുന്നു.
   3. മനുഷ്യൻ സ്വാർത്ഥയ്ക്കായി പ്രകൃതിയെ ചൂഷണം ചെയ്യുന്നു.
   4. പരിസ്ഥിതി സൗഹാർദ്ദമായ ജീവിത വീക്ഷണം ഭൂമിയുടെ നിലനില്പിന് അത്യാവശ്യം.

**ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

7. നാവുണ്ടായിരുന്നെങ്കിൽ ഒരു കുടുംബത്തിന്റെ കഥ അവൾ പറയുമായിരുന്നു. മാവിൽ ആരോപിയ്ക്കപ്പെടുന്ന മനുഷ്യഭാവങ്ങളാണ് പാഠഭാഗത്തെ ഹൃദ്യമാക്കുന്നത്- വിലയിരുത്തൽക്കുറിപ്പ്.

   1. മാവിനെ കുടുംബാംഗമായി കാണുന്നു.

2. കഥയിലെ പ്രധാന കഥാപാത്രമാണ് അവൾ എന്നു വിശേഷിപ്പിക്കുന്ന കൊച്ചുചക്കരച്ചി
3. കുലശ്രേഷ്ഠകളായി പരിഗണിക്കുന്നു.
4. അധീശ്വരിയെപ്പോലെ നിന്നിരുന്ന കൊച്ചുചക്കരച്ചി
5. എത്രയോ തലമുറകൾ ആ വൃദ്ധമുത്തശ്ശിയുടെ കാൽച്ചുവട്ടിലിരുന്ന് മധുരം തിന്ന് വളർന്നവർ വൃദ്ധരായി.
6. യുദ്ധകാലമായതോടെ മാവുകൾക്ക് വില കൂടി. അവരേയും പട്ടാളത്തിൽ ചേർത്തു.
7. രോഗഹേതു എന്തുമാട്ടേ മാരകമായ രോഗം പിടിപ്പെട്ടു.
8. മുത്തശ്ശിയുടെ നിബിഡവും ശ്യാമളവുമായ തലമുടികളിൽ കൂടി വിരലോടിച്ചു പോകുക.
9. കൊച്ചുചക്കരച്ചിയുടെ ആത്മാവിനെ കൂട്ടിക്കൊണ്ട് പോകാൻ പ്രത്യേകം നിയുക്തമായ കാറ്റും മഴയും.
10. കൊച്ചുചക്കരച്ചിയുടെ മകൾ എന്ന നിലയിൽ വാത്സല്യത്തോടെ വളർത്തി. അവൾ പുളിച്ചിയായി.

**പരിശീലന ചോദ്യങ്ങൾ**

1. "വൃക്ഷങ്ങളിൽ വച്ച് വൃക്ഷമായത് മാവുതന്നെ" - സമർത്ഥിക്കുക.
2. ഉണ്ണിമാങ്ങാപ്പരുവം മുതൽ മാവിൻചുവട്ടിലെ സദ്യ ആരംഭിയ്ക്കുകയായി- അടിവരയിട്ട പദങ്ങൾ നൽകുന്ന അർത്ഥ സൂചന എന്ത്?
3. എത്രയോ തലമുറകൾ ആ വൃദ്ധമുത്തശ്ശിയുടെ കാൽച്ചുവട്ടിലിരുന്ന് മധുരം തിന്നു വളർന്നു വൃദ്ധരായി കാലയവനികയ്ക്കപ്പുറം മറഞ്ഞിരിക്കുന്നു. മാവും മനുഷ്യനും തമ്മിലുള്ള ആത്മബന്ധത്തെക്കുറിച്ചുള്ള എന്തെല്ലാം സൂചനകളാണ് വൃദ്ധമുത്തശ്ശി എന്ന പ്രയോഗത്തിൽ തെളിയുന്നത്?

# അടിസ്ഥാനപാഠാവലി



## 2. ഓണമുറ്റത്ത്



പ്രശസ്ത കവി വൈലോപ്പിള്ളി ശ്രീധരമേനോന്റെ വിട എന്ന കാവ്യസമാഹാരത്തിലെ കവിതയാണ് ഓണമുറ്റത്ത്. ഓണം മലയാളിയുടെ ഹൃദയവികാരമാണ്. ഓണം മലനാടിനെ എങ്ങനെയെല്ലാം അണിയിച്ചൊരുക്കുന്നു എന്നും പ്രകൃതിയോട് ചേർന്ന് മനുഷ്യർ മഹാബലിയെ എങ്ങനെ വരവേൽക്കുന്നു എന്നും കവി വർണിക്കുന്നു.

**കവിതയിലൂടെ**

1. മാവേലി മന്നനെ എതിരേൽക്കാൻ പ്രകൃതിയിൽ തുമ്പകൾ പൂക്കൂടകൾ നിറച്ച് മേടുകൾ തോറും മഴ കൊണ്ട് വിറച്ചു നിൽക്കുന്നു.
2. മുക്കുറ്റികൾ തിരികൾ തെറുത്ത് ദീപം കൊളുത്തുന്നതിന് യോജിച്ച മുഹൂർത്തം കാത്തിരിക്കുന്നു.
3. വയലേലകളുടെ നടുവിൽ പൊൻപ്രഭ ചൊരിയുന്ന കിഴികളെരിയുന്ന, വെള്ളിത്താലവുമെടുത്ത് നെയ്യാമ്പലുകൾ ശോഭിക്കുന്നു.
4. രാവിൽ നിറഞ്ഞ നിലാവിൽ കമുകിൽ പൂക്കുല വിടർന്നു നിൽക്കുന്ന വഴിയിലൂടെ ഓണത്തപ്പൻ എഴുന്നള്ളുന്നു.
5. കുട്ടികളും അലകടലുകളും ആർപ്പുവിളികളാലും കൊച്ചരുവികളും ചെറുകുരവകളാലും ഓണത്തെ സ്വീകരിക്കാൻ തയ്യാറാക്കുന്നു.
6. ഓണത്തെക്കുറിച്ചുള്ള ചിത്രങ്ങൾ കവിയെ പുള്ളുവനാക്കുന്നു.
7. സംസ്കാരത്തിന്റെ അധിനിവേശത്താൽ നാടുകടത്തപ്പെട്ട നാട്ടുനന്മകളെ വിളിച്ചുണർത്തുന്ന ദൗത്യമാണ് കവിയ്ക്ക്.
8. പരിഷ്കാരത്തിന്റെ തിണ്ണയിലുള്ളവർ പരിഹസിച്ചേക്കുമെങ്കിലും കവിയുടെ ആത്മാഭിമാനത്തെ തളർത്താൻ അവർക്കു കഴിയുന്നില്ല.
9. ഓണക്കാലത്തിന്റെ വർണനാചിത്രം എന്നതിനപ്പുറം മലനാട്ടു ജീവിതസംസ്കാരത്തിന്റെ മധുരോദാരവും പാവനവുമായ സങ്കല്പങ്ങളെ ഗൃഹാതുരതയോടെ കവി അവതരിപ്പിക്കുന്നു.

**ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.**

1. പഴമയിലിഴയും പല്ലു കൊഴിഞ്ഞൊരു

   പാട്ടാണെന്നു പഴിക്കാമിന്ന് - ഓണത്തെ പല്ലു കൊഴിഞ്ഞ പാട്ടായി പരിഹസിക്കുന്നത് ആര്?

   (പുള്ളുവൻ, പരിഷ്കാരികൾ, കവി, മഹാബലി)

2. കവിയുടെ മുന്നിൽ കാഞ്ചനസിംഹാസനത്തിൽ മുത്തുക്കുടയും ചൂടിയിരിക്കുന്നതാര്?

   (മഹാബലി, പുള്ളുവൻ, വീണപ്പെണ്ണ്)

**രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.**

3. ഓണക്കാലത്തുണരും ഞാൻ തിരു-

   വോണപ്പാട്ടുകളാണെൻ പാട്ടുകൾ - കവി ഇപ്രകാരം പറയാൻ കാരണമെന്ത്?

   ◊ ഓണം കവിയുടെ കവിത്വസിദ്ധി ഉണർത്തുന്നു.

   ◊ ഓണത്തിന് തന്റെ കവിതയിലുള്ള സ്ഥാനം കവി ആവിഷ്കരിക്കുന്നു. ഓണം മലയാളികളുടെ മധുരോദാരവികാരമാണ്.

4. പഴയൊരു പുള്ളുവനാണല്ലോ ഞാൻ - കവി സ്വയം പുള്ളുവനായി വിശേഷിപ്പിക്കുന്നതിന്റെ ഔചിത്യം കണ്ടെത്തുക.

   ◈ പുള്ളുവൻ ദോഷങ്ങൾ പാട്ടിലൂടെ അകറ്റാൻ ശ്രമിക്കുന്നു.

   ◈ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ശ്രമിക്കുന്നു.

   ◈ സാധാരണ ജനതയുടെ പ്രതീകമാണ് പുള്ളുവൻ. കവിയും അങ്ങനെ തന്നെയാണ്

   ◈ സമൂഹത്തിന്റെ നന്മ ലക്ഷ്യമാക്കുന്ന പുള്ളുവന്റെ പാരമ്പര്യമാണ് കവിയ്ക്കുള്ളത്.

**അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

5. "നീളും മലയുടെ ചങ്ങലവട്ടയിൽ

   നാളം പാടലവിരലാൽ നീട്ടിയു-

   മോമൽക്കവിളു തുടുത്തും തെല്ലൊരു

   നാണത്തോടു പരുങ്ങിയൊരുങ്ങിയു-

   മോണക്കോടിയുടുത്തൊരുഷസ്സേ" - ചമത്ക്കാരഭംഗി വിശദമാക്കുക.

   ◈ ഉഷസ്സിന് മനുഷ്യഭാവം കല്പിക്കുന്നു.

   ◈ ഉഷസ്സിനെ പെൺകൊടിയായി കല്പിച്ചിരിക്കുന്നു.

   ◈ മലകൾക്കിടയിലൂടെ ഉദിച്ചുയരുന്ന സൂര്യൻ

   ◈ പ്രഭാതത്തിന്റെ മനോഹാരിത

   ◈ ആകാശത്തിൽ വ്യാപിക്കുന്ന ചുവന്ന നിറം, സഹ്യപർവതത്തെ (മലനിരയെ) ചങ്ങലയായി സങ്കൽപ്പിക്കുന്നു.

6. മലയാളത്തറവാട്ടിന്നങ്കണ-

   വെൺമണലിങ്കലിരിപ്പൂ ഞാനെൻ-

   കൈയിൽ ചാഞ്ഞുകിടപ്പൂ കൊഞ്ചലൊ-

   ടെൻ പ്രിയമകളാം വീണപ്പെണ്ണും "- ഓണമുറ്റത്ത് എന്ന ശീർഷകം ധ്വനിപ്പിക്കുന്നത് എന്താണ്?

   ◈ വിശാലമായ സംസ്കാരിക കാഴ്ചപ്പാട്

   ◈ നാടിന്റെ മഹത്ത്വത്തെയും സംസ്കാരത്തെയും ഉദ്ഘോഷിക്കുന്നവരാണ് കവികൾ.

   ◈ പൊയ്പ്പോയ നാട്ടുനന്മകളും സംസ്കൃതിയും സാഹിത്യത്തിലൂടെ പുനരുജ്ജീവിക്കപ്പെടുന്നു.

   ◈ ഗ്രാമവും പുനരുജ്ജീവിക്കപ്പെടുന്നു.

   ◈ ഗ്രാമവും ഗ്രാമീണ സംസ്കൃതിയും വൈലോപ്പിള്ളിക്കവിതയിലെ സ്ഥിരസാന്നിധ്യമാണ്.

   ◈ പാരമ്പര്യത്തിന്റെ നന്മ തന്റെ കവിതയിലുണ്ടെന്ന് കവി അഭിമാനിക്കുന്നു.

**ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

7. "ഇവരറിയുന്നീലെന്നഭിമാനം" – കവിയുടെ അഭിമാനം എന്തിലാണ്? ഈ വരികളിൽ തെളിയുന്ന മനോവികാരം വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

- കേരളീയ സാംസ്കാരിക പാരമ്പര്യത്തിലും തനിമയിലും അഭിമാനം.
- ഓണം മുന്നോട്ടു വയ്ക്കുന്ന സ്വപ്നങ്ങളും പ്രതീക്ഷകളും കവിയിൽ നിറഞ്ഞു തുളുമ്പുന്നു.
- എന്തൊക്കെ അവഗണനകൾ നേരിട്ടാലും നാടിന്റെ നന്മയും മൂല്യങ്ങളും ഉയർത്തിപ്പിടിക്കുക തന്നെ ചെയ്യും.
- ഓണപ്പാട്ടുകൾ പാടുന്നത് അഭിമാനമാണ്.
- കേരളീയ ഭാഷയോടും സംസ്കാരത്തോടുമുള്ള അഭിമാനബോധം.

**പരിശീലന ചോദ്യങ്ങൾ**

1. ഓണത്തപ്പനെ വരവേൽക്കാൻ ഒരുങ്ങി നിൽക്കുന്ന പ്രകൃതിയെ കവി എങ്ങനെയെല്ലാം അവതരിപ്പിക്കുന്നു?
2. "ഓണപ്പാട്ടുകളാണെൻ പാട്ടുകൾ" – തന്റെ കവിതയെ ഓണപ്പാട്ടുകളാണെന്ന് കവി വിശേഷിപ്പിക്കാൻ കാരണമെന്ത്?
3. "കാലേ രാവു നിറന്ന നിലാവാൽ

   കമുകിൽ പൂവരി തൂകിത്തൂമയി

   ലെതിരേറ്റങ്ങനെ നിൽക്കും വഴിയേ

   യെഴുന്നള്ളുകയായോണത്തപ്പൻ" – കാവ്യഭംഗി കണ്ടെത്തുക.




# 3. കോഴിയും കിഴവിയും



കാരൂർ നീലകണ്ഠപ്പിള്ളയുടെ കഥയാണ് കോഴിയും കിഴവിയും. മനുഷ്യനന്മയെ ആഖ്യാനം ചെയ്യുന്ന സൂക്ഷ്മമായ ജീവിത നിരീക്ഷണം കൊണ്ട് വേറിട്ടു നിൽക്കുന്ന കഥകളാണ് കാരൂരിന്റേത്. സ്വാർത്ഥതയും വിദ്വേഷവുമാണ് ബന്ധങ്ങളിൽ വിള്ളലുണ്ടാക്കുന്നത് എന്നോർമ്മിപ്പിക്കുന്ന കഥയാണ് കോഴിയും കിഴവിയും. ഗ്രാമപഞ്ചായത്തിൽ അയൽക്കാരനായ രണ്ടു കുടുംബങ്ങളുടെ ഇണക്കങ്ങളുടെയും പിണക്കങ്ങളുടെയും കഥ പറയുകയാണിതിൽ. മാർക്കോസ്, മത്തായി, മത്തായിയുടെ അമ്മ കുട്ടികൾ ഇവരാണ് ഈ കഥയിലെ പ്രധാന കഥാപാത്രങ്ങൾ.

**കഥാസൂചനകളിലേയ്ക്ക്**

- മത്തായിയുടെ കോഴി മർക്കോസിന്റെ മകന്റെ കല്ലേറ് കൊണ്ട് ചാവുന്നു.
- മർക്കോസിന് എതിരു പിടിക്കുന്ന മത്തായി കോഴിയുടെ മരണം ഒരവസരമായിട്ടെടുത്ത് മാർക്കോസിനെതിരെ ഗൂഢാലോചന നടത്തുന്നു.
- മർക്കോസ് കോഴിയെ കട്ടു തിന്നു എന്ന് പോലീസിൽ പരാതി കൊടുക്കുന്നു.
- കഥയിലെ കിഴവി (മത്തായിയുടെ അമ്മ) ഇടപെട്ട് പരിഹാരമുണ്ടാക്കുന്നു.
- മത്തായി മർക്കോസിന്റെ കുടുംബത്തോട് കാണിക്കുന്ന നന്ദികേടിൽ ആ വൃദ്ധയ്ക്ക് പ്രതിഷേധമുണ്ട്.
- നാട്ടിൻപുറത്തിന്റെ നന്മ സൂക്ഷിക്കുന്ന കഥാപാത്രമാണ് അമ്മ. ലോഭത്തിനുമേൽ നന്മയും സത്യവും നേടുന്ന വിജയമാണ് കഥാന്ത്യത്തിൽ.

**ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.**

1. ആ വീട്ടുകാരുടെ ഇടയിൽ ഒരഗ്നിപർവ്വതം പൊട്ടാറായി നിൽക്കുകയാണ്. അതു താമസിയാതെ പൊട്ടും അതിന് സന്ദർഭം വന്നു. ഏതാണ് ആ സന്ദർഭം?

   (കേസ് കൊടുത്തു, കുട്ടിയെ പേരക്ക കൊണ്ടെറിഞ്ഞു, കോഴിയെ കൊന്നു)

2. "മർക്കോസിന്റെ അപ്പൻ നിന്നെ മകനെപ്പോലെയാ വിചാരിച്ചിരുന്നത്.' കഥാസന്ദർഭം മുൻനിർത്തി മത്തായിയുടെ സ്വഭാവത്തെ സൂചിപ്പിക്കുന്ന പഴഞ്ചൊല്ലായി പറയാവുന്നത് ഏത്?

   - കാര്യം കാണാൻ കഴുതക്കാലും പിടിക്കുക.
   - ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട.
   - പാലു കൊടുത്ത കൈക്ക് കടിക്കുക.
   - മുറ്റത്തെ മുല്ലയ്ക്ക് മണമില്ല.

**രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.**

3. "അവർ അന്ന് സുഖമായി അത്താഴം കഴിച്ചു. അല്പം താമസിച്ചെന്നു മാത്രം." കഥാസന്ദർഭത്തിൽ സൂചിതമായ സംഭവങ്ങൾ.
   - കോഴിയെ എറിഞ്ഞുകൊന്നു.
   - കുട്ടികളറിയാതെ കറി വച്ചതു നിമിത്തം അത്താഴം താമസിച്ചു.
   - അയൽപക്ക വീട്ടുകാർ തമ്മിലുള്ള കലഹം.
4. കാറ്റു മാറി വീശി, മർക്കോസ് ക്ഷീണിച്ചപ്പോൾ മത്തായി സഹായിച്ചു തുടങ്ങി. ഈ പ്രയോഗങ്ങളിൽ നിന്ന് ലഭിക്കുന്ന സൂചനകൾ.
   - മത്തായിയുടെ കുടുംബം വളരാനും മർക്കോസിന്റെ കുടുംബം ക്ഷയിക്കാനും തുടങ്ങി.
   - അവസരം മുതലാക്കി സ്വത്തുകാരനാകാനുള്ള കുബുദ്ധി

**അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

5. അയൽപ്പക്കത്ത് അത്താഴപ്പട്ടിണിക്കാർ പാർത്താൽ അതൊരു സ്വൈരക്കേടാണെന്ന് അവനറിയാം.-മാർക്കോസിനോടുള്ള മത്തായിയുടെ സമീപനം - വിശകലനകുറിപ്പ് തയ്യാറാക്കുക.
   - ധനസ്ഥിതി കുറഞ്ഞതോടെ മാർക്കോസ് മത്തായിയ്ക്ക് ഒരു ശല്യമായി മാറി.
   - മത്തായിയുടെ സ്വാർത്ഥ ചിന്താഗതി
   - ഉപകാരസ്മരണയില്ലായ്മ, അയൽപക്കസ്നേഹരാഹിത്യം
   - അത്യാഗ്രഹം ബന്ധങ്ങളിൽ വിള്ളൽ വീഴ്ത്തുന്നു.
   - സമ്പത്തിന്റെ കരുണയിൽ മൂല്യങ്ങൾ മറക്കുന്നു.

**ഒരുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

6. "നന്മകളാൽ സമൃദ്ധമായ നാട്ടിൻപുറമാണ് കാരൂർകഥകളുടെ പശ്ചാത്തലം" - 'കോഴിയും കിഴവിയും' എന്ന് കഥക്ക് ആസ്വാദനം തയ്യാറാക്കുക.

**സൂചനകൾ**


- നാട്ടിൻപുറത്തെ രണ്ടു കുടുംബങ്ങൾ തമ്മിലുള്ള സ്നേഹവും വിദ്വേഷവും
- ഗ്രാമീണ പരിസരത്തുള്ള പക്ഷിമൃഗാദികളും സസ്യജാലങ്ങളുമെല്ലാം കഥയിൽ കടന്നുവരുന്നു.
- ഗ്രാമീണ നന്മയുടെ പ്രതീകമായ അമ്മ
- സമ്പത്തിന് മുന്നിൽ മൂല്യങ്ങൾക്ക് വിലയില്ലാതാകുന്നു.
- അടിസ്ഥാനപരമായി കഥാപാത്രങ്ങൾ മനസ്സിൽ സൂക്ഷിക്കുന്ന നന്മ.
- ഗ്രാമീണ ഭാഷയുടെ ലാളിത്യം.

**ഇതരചോദ്യങ്ങൾ**

1. "പണമുണ്ടെന്ന് ഒരാൾക്ക് ഭാവം, കുടുംബസ്ഥിതിയിൽ അഭിമാനം മറ്റവന്" - ഈ വരികളിൽ പ്രകടമാകുന്ന മർക്കോസിന്റെയും മത്തായിയുടെയും മനോഭാവം വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.
2. 'മകനേ മൂട് മറക്കരുത്' - അമ്മയുടെ വാക്കുകളിൽ സൂചിതമാകുന്നതെന്ത്?
3. "കണ്ണിൽ കൂടി വരേണ്ട വെള്ളം വായിൽ കൂടി വരുക'- എന്നതുകൊണ്ട് അർത്ഥമാകുന്നതെന്ത്?



# അടിസ്ഥാനപാഠാവലി



## 4. ശ്രീനാരായണഗുരു

കുറ്റിപ്പുഴ കൃഷ്ണപിള്ള എഴുതിയ ലേഖനമാണ് ശ്രീനാരായണഗുരു. ശ്രീനാരായണഗുരുവിന്റെ ചിന്തകളും കാഴ്ചപ്പാടുകളും വിശകലനം ചെയ്യുന്ന പാഠഭാഗം. ജാതിയുടെയും മതത്തിന്റെയും പേരിൽ വേർതിരിവുണ്ടാക്കി സ്വാർഥതാല്പര്യങ്ങൾ സംരക്ഷിക്കുന്നതിന് എതിരായിരുന്നു ഗുരു. മനുഷ്യൻ എന്ന ഒരു ജാതി മാത്രമേയുള്ളു എന്ന് അദ്ദേഹം കേരളീയരെ പഠിപ്പിച്ചു.

**ആശയങ്ങൾ**

- മനുഷ്യജാതി എന്ന വിശ്വവിശാലമായ ആശയത്തിന്റെ ആദ്യ അവതാരകനാണ് ശ്രീ നാരായണ ഗുരു. അധഃകൃതവർഗ്ഗോദ്ധാരണത്തെ ധർമ്മസ്ഥാപനത്തിനുള കർമപരിപാടിയായി സ്വീകരിച്ച യോഗി.
- മറ്റു സന്യാസിമാരെപ്പോലെ സ്വാർത്ഥമായ സ്വമോക്ഷചിന്ത ഗുരുവിനില്ല. തപശ്ചര്യ കൊണ്ട് വികസിച്ച വ്യക്തിമഹത്ത്വത്തെ സമൂഹോന്നമനത്തിനായി വിനിയോഗിച്ചു.
- ജനങ്ങളുടെ ഇരുളടഞ്ഞ ജീവിതത്തിൽ പ്രകാശം പരത്തി.
- കേരളീയരെ മനുഷ്യത്വം പഠിപ്പിച്ച ഏക ഗുരുനാഥൻ.
- ഒരേ സമയം ജ്ഞാനസിദ്ധനും കർമ്മസിദ്ധനുമായിരുന്നു ഗുരു
- "മതമേതായാലും മനുഷ്യൻ നന്നായാൽ മതി" എന്ന ഗുരുവചനം മനുഷ്യനന്മ വിളംബരം ചെയ്യുന്നു. മനുഷ്യനന്മയ്ക്ക് മതം ആവശ്യമില്ലെന്ന് ലോകത്തെ പഠിപ്പിച്ച ഗുരു.
- മതാതീതനായ തത്ത്വജ്ഞാനിയാണ് ശ്രീനാരായണഗുരു.
- ഗുരുവിന്റെ ഉപദേശങ്ങൾക്ക് സാർവലൗകികത്വമെന്ന സവിശേഷതയുണ്ട്.
- കേരളത്തെ ജാതി പാതാളത്തിൽ നിന്ന് കരകയറ്റി അതിന്റെ ഭ്രാന്താലയത്വം നിശ്ശേഷം നീക്കം ചെയ്ത ശ്രീനാരായണ ഗുരുവിന്റെ വചനങ്ങൾ ഭാവി തലമുറയ്ക്ക് പ്രചോദനമാകും.

**ശരിയായ ഉത്തരം കണ്ടെത്തിയെഴുതുക**

1. ഭാരതത്തിന്റെ നവോത്ഥാനത്തിന് അപരിത്യാജ്യമായിത്തീർന്നിരുന്ന കർമ്മപരിപാടികൾ ഏതാണ്?

   ആധ്യാത്മികത

   മതപരിവർത്തനം

   വിദ്യാഭ്യാസം

   അധ:കൃതവർഗോദ്ധാരണം

2. ശ്രീനാരായണോപദേശങ്ങളുടെ ഒരു പ്രത്യേകതയായി പറയുന്നത് എന്ത്?

സാർവലൗകികത്വം

സാർവദേശീയത്വം

നാനാത്വത്തിൽ ഏകത്വം

പ്രാദേശികത്വം

**രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.**

3. കേരളീയരെ മനുഷ്യത്വം പഠിപ്പിച്ച ഏകഗുരുനാഥനെന്നും ഈ ഋഷിവര്യനെ വിശേഷിപ്പിക്കാം. ഈ നിരീക്ഷണത്തെ സാധൂകരിക്കുന്ന ഗുരുദേവ വചനങ്ങൾ കണ്ടെത്തി എഴുതുക ?

- ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്.
- മതമേതായാലും മനുഷ്യൻ നന്നായാൽ മതി.

4. ശ്രീനാരായണഗുരു കണ്ണാടി പ്രതിഷ്ഠ നടത്തിയതിന്റെ ലക്ഷ്യം എന്തായിരുന്നു?

- മനുഷ്യന്റെ ധ്യാനലക്ഷ്യം മനുഷ്യൻ തന്നെയാണ്
- മനഃശക്തിയുടെ വികാസമാണാവശ്യം.

**അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

5. "പലമതസാരവുമേകമെന്നു പാരാ-

തുലകിലൊരാനയിലന്ധരെന്നപോലെ

പലവിധ യുക്തി പറഞ്ഞു പാമരന്മാ-

രലയുവതോർത്തലയാതിരുന്നിടേണം"

അന്ധഗജന്യായം കൊണ്ട് ശ്രീനാരായണഗുരു മതഭേദങ്ങളെ കളിയാക്കുക കൂടി ചെയ്യുന്നുണ്ട്. പ്രസ്താവന വിലയിരുത്തി കുറിപ്പ് തയാറാക്കുക ?

- അന്ധന്മാർ ആനയെ കണ്ടതുപോലെയാണ് മനുഷ്യർ മതത്തിന്റെ പേരിൽ കലഹിക്കുന്നത്.
- പൂർണമായ അറിവില്ലാത്ത കാര്യങ്ങൾ ചർച്ചചെയ്യുമ്പോഴാണ് ഈ ന്യായം പ്രസക്തമാകുന്നത്.
- മതാതീതനായ തത്ത്വജ്ഞാനിയായിരുന്നു ഗുരു.

6. ശ്രീനാരായണ സന്ദേശങ്ങളെ ദേശകാലോചിതമായി വ്യാഖ്യാനിക്കുകയും വിലയിരുത്തുകയും ചെയ്യുക എന്നത് ഇന്നത്തെ ഒരാവശ്യമാകുന്നു. ഈ അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ? – വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക.

- മാതാതീതനായ തത്ത്വജ്ഞാനി ആയിരുന്നു ശ്രീനാരായണഗുരു.
- മനുഷ്യജാതി എന്ന വിശ്വവിശാലമായ ആശയം അവതരിപ്പിച്ചു.
- അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും എതിർത്ത് വിപ്ലവം സൃഷ്ടിച്ചു.
- എല്ലാ മതനദികളും ചെന്നുചേരുന്നത് മനുഷ്യ മഹത്വത്തിലാണെന്ന ബോധം പകർന്നു.

**ഒരുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

7. ശ്രീനാരായണഗുരു ദർശനങ്ങളുടെ സമകാലിക പ്രസക്തി പരിശോധിച്ച് ഉപന്യാസം തയ്യാറാക്കുക.

- കേരളം ജാതീയമായ ഉച്ചനീചത്വങ്ങളെക്കൊണ്ട് നിറഞ്ഞിരുന്ന കാലഘട്ടത്തിൽ നവോത്ഥാനത്തിന്റെ വെളിച്ചം പകർന്ന സാമൂഹ്യപരിഷ്കർത്താവ്.
- ഗുരു ജ്ഞാനസിദ്ധനും അതേ സമയം കർമ്മസിദ്ധനുമായിരുന്നു.
- ജ്ഞാനസിദ്ധൻ – അറിവിന്റെ വെളിച്ചം കൊണ്ട് വഴി നയിച്ചവൻ.
- കർമ്മസിദ്ധൻ – പ്രവർത്തനങ്ങളിലൂടെ വെളിച്ചമേകുന്നവൻ.
- അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും നിരുത്സാഹപ്പെടുത്തി.

- വിദ്യാലയങ്ങൾ സ്ഥാപിച്ചു.
- മനുഷ്യ ജാതിയെന്ന ആശയം.

**പരിശീലന ചോദ്യങ്ങൾ**

ജാതിപ്പിശാചിനെ ഉച്ചാടനം ചെയ്തു. കേരളീയരെ മനുഷ്യത്വം പഠിപ്പിച്ച ഏക ഗുരുനാഥൻ ശ്രീനാരായണഗുരുവിനെ ലേഖകൻ ഇങ്ങനെ വിലയിരുത്തിയതിന്റെ കാരണങ്ങൾ എഴുതുക?

2. മറ്റ് സന്യാസിമാരിൽ നിന്ന് ശ്രീനാരായണഗുരു എങ്ങനെയാണ് വ്യത്യസ്തനാവുന്നത് ?
3. അല്പഭാഷണം കൊണ്ടും ലളിതോദാഹരണങ്ങളിൽ കൂടിയും ഗുരു ആശയാവിഷ്കാരം നടത്തിയതെങ്ങനെയെന്ന് ഉദാഹരണസഹിതം വിശദമാക്കുക?



യൂണിറ്റ് 3

# അടിസ്ഥാനപാഠാവലി

## വാക്കുകൾ വിടരുന്ന പുലരികൾ

**പ്രവേശകം**

നന്മകൾ കണ്ടതു കേട്ടതു
ചൊല്ലാൻ നാക്കിനു കഴിയട്ടെ
തിന്മകൾ കണ്ടാൽ കൊത്തിക്കീറാൻ
കൊക്കിനു കഴിയട്ടെ

- അയ്യപ്പപണിക്കരുടെ 'തത്തമ്മ' എന്ന കവിതയിലെ വരികൾ.
- നന്മകൾ കേട്ടതും കണ്ടതും പറയാൻ നമുക്ക് കഴിയണം. .
- തിന്മകൾ കണ്ടാൽ പ്രതികരിക്കാനും കഴിയണം.
- ശക്തമായ ഭാഷയിലൂടെ മാധ്യമങ്ങൾക്ക് സമൂഹത്തിലെ പ്രശ്നങ്ങൾക്കെതിരെ പ്രതികരിക്കാൻ കഴിയും

| സാഹിത്യകാരൻ | കൃതി | പ്രസ്ഥാനം |
|---|---|---|
| സുകുമാർ അഴീക്കോട് | പത്രനീതി | ലേഖനം |
| ഇ.സന്തോഷ്കുമാർ | പണയം | ചെറുകഥ |
| വി.മധുസൂദനൻ നായർ | അമ്മയുടെ എഴുത്തുകൾ | കവിത |

# 1. പത്രനീതി



സുകുമാർ അഴീക്കോട് എഴുതിയ 'നവയാത്രകൾ' എന്ന കൃതിയിലെ 'പത്രങ്ങൾ ഏത് പക്ഷത്ത്' എന്ന ലേഖനത്തിൽ നിന്നുള്ള ഭാഗമാണ് പത്രനീതി. ജനമനസ്സുകളിൽ പത്രങ്ങളുടെ സ്വാധീനം വളരെ വലുതാണ്. നന്മതിന്മകൾ തിരിച്ചറിഞ്ഞ് വാർത്തകൾ ശരിയായ രീതിയിൽ അവതരിപ്പിക്കുകയാണ് മാധ്യമധർമ്മം. പത്രങ്ങൾ പ്രശംസിക്കപ്പെടുകയും വിമർശിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. സത്യസന്ധമായി പത്രധർമ്മം നിർവഹിക്കേണ്ടത് അത്യാവശ്യമാണ്.

**ആശയങ്ങൾ**

- വാർത്തകൾ അറിയാനും അറിയിക്കാനും പത്രങ്ങൾ സഹായിക്കുന്നു.
- പത്രങ്ങളെ എതിർക്കണമെങ്കിൽ അതിനും പത്രത്തെ തന്നെ ആശ്രയിക്കേണ്ടിവരുന്നു എന്നത് വിരോധാഭാസം.
- പത്രങ്ങൾ വേണ്ടത്ര വിമർശിക്കപ്പെടുന്നില്ല.
- രാഷ്ട്രീയത്തിലെ നാലാമത്തെ മഹാശക്തിയാണ് പത്രം.

- ◈ പത്രങ്ങൾ പലപ്പോഴും സത്യത്തെ വളച്ചൊടിക്കുന്നു. സത്യം തിരിച്ചറിയുന്നതിനു വേണ്ടി പല പത്രങ്ങൾ വായിക്കേണ്ടിവരുന്നു.
- ◈ വാർത്തകളിൽ നിന്ന് സത്യം കണ്ടെത്തുക ശ്രമകരമാണ്.

**ശരിയായ ഉത്തരം കണ്ടെത്തിയെഴുതുക.**

1. 'ബയണറ്റിനെക്കാൾ ഞാൻ പേടിക്കുന്നത് പത്രത്തെയാണ്' നെപ്പോളിയന്റെ ഈ അഭിപ്രായത്തിന്റെ പൊരുളെന്ത് ?
   - ◈ പത്രങ്ങൾ പരിഹാസ്യമായ നിലയിലാണ്.
   - ◈ പത്രങ്ങളെ ഏകാധിപതികൾപോലും ഭയപ്പെട്ടിരുന്നു.
   - ◈ പത്രം ബയണറ്റിനെപ്പോലുള്ള ആയുധമാണ്.
   - ◈ ഭരണാധികാരികൾ പത്രത്തെ പേടിക്കുന്നതിന് അടിസ്ഥാനമില്ല.
2. 'പത്രങ്ങൾ ചെയ്യുന്ന ഏറ്റവും വലിയ സേവനം, അച്ചടിച്ചത് കണ്ടാൽ അവിശ്വസിക്കാൻ ജനങ്ങളെ പഠിപ്പിക്കുന്നു എന്നതാണ്' ഈ പ്രസ്താവന കൊണ്ട് അർഥമാക്കുന്നതെന്ത്?
   - ◈ പത്രങ്ങൾ അന്ധവിശ്വാസം പ്രചരിപ്പിക്കുന്നു.
   - ◈ പത്രവാർത്തകളെല്ലാം സത്യമാണ്.
   - ◈ പത്രങ്ങൾ വലിയ സേവനം ചെയ്യുന്നില്ല.
   - ◈ പത്രവാർത്തകൾ പലതും സത്യവിരുദ്ധമാണ്.

**രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.**

3. 'പത്രങ്ങൾ എല്ലാറ്റിനേയും വിമർശിക്കുന്നു. എന്നാൽ പത്രങ്ങൾ വേണ്ടത്ര വിമർശിക്കപ്പെടുന്നില്ല'. സുകുമാർ അഴീക്കോടിന്റെ ഈ പ്രസ്താവന നൽകുന്ന സൂചനകൾ എന്തെല്ലാം?
   - ◈ വാർത്തകൾ അറിയാനും അറിയിക്കാനും പത്രങ്ങളെ ആശ്രയിക്കുന്നു.
   - ◈ പത്രത്തെ എതിർക്കേണ്ടിവന്നാൽ അതിനും പത്രത്തെ ആശ്രയിക്കണം
   - ◈ പത്രങ്ങൾ വേണ്ടത്ര വിമർശിക്കപ്പെടുന്നില്ല.
4. 'സത്യം കണ്ടുപിടിക്കാൻ പല അടവുകളും നോക്കേണ്ടിവരും. ഗുണിക്കൽ, ഹരിക്കൽ, അഭ്യൂഹം, ഭാവന തുടങ്ങി പലതും' പത്രത്തെക്കുറിച്ചുള്ള സുകുമാർ അഴീക്കോടിന്റെ വാക്കുകൾ നൽകുന്ന സൂചനയെന്ത്?
   - ◈ പത്രങ്ങൾ സത്യത്തെ അസത്യമായും അസത്യത്തെ സത്യമായും അവതരിപ്പിക്കുന്നു.
   - ◈ പത്രങ്ങൾ വാർത്തകളെ വളച്ചൊടിക്കുന്നു.
   - ◈ പത്രധർമ്മത്തിന് നിരക്കാത്ത രീതിയിലുള്ള പത്രപ്രവർത്തനം.

**അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

5. പത്രങ്ങളെക്കുറിച്ച് സാഹിത്യകാരന്മാരും മഹാന്മാരും പറഞ്ഞിട്ടുള്ള അനുകൂലവും പ്രതികൂലവുമായ അഭിപ്രായങ്ങൾ കണ്ടെത്തി എഴുതുക ?

| | |
|---|---|
| നെപ്പോളിയൻ | ബയണറ്റിനെക്കാൾ ഞാൻ പേടിക്കുന്നത് പത്രത്തെയാണ്. ബയണറ്റിന്റെ മൂർച്ച ഭയങ്കരമാണ്. അതിനേക്കാൾ മൂർച്ചയാണ് പത്രത്തിന്. |
| ജഫേഴ്സൺ | പത്രമില്ലാതെയുള്ള ഭരണത്തേക്കാൾ താൻ അഭിലഷിക്കുക, ഭരണമില്ലാതെ പത്രമുള്ള അവസ്ഥയാണ്. |
| ഓസ്കാർ വൈൽഡ് | സാഹിത്യം വായിക്കപ്പെടുന്നില്ല, പത്രം വായിക്കാൻ കൊള്ളുകയുമില്ല |
| ഇബ്സൻ | മൃഗങ്ങളുടെ മേൽ പരീക്ഷണം നടത്തുന്ന ശാസ്ത്രജ്ഞർ പത്രപ്രവർത്തകരുടെയും രാഷ്ട്രീയക്കാരുടെയും മേലെ ശസ്ത്രക്രിയ |

| | |
|---|---|
| | നടത്തി പരീക്ഷിക്കട്ടെ. |
| സാമുവൽ ബട്‌ലർ | പത്രങ്ങൾ ചെയ്യുന്ന ഏറ്റവും വലിയ സേവനം അച്ചടിച്ചത് കണ്ടാൽ അവിശ്വസിക്കാൻ ജനങ്ങളെ പഠിപ്പിക്കുന്നു എന്നതാണ് |
| സുകുമാർ അഴീക്കോട് | നാം പത്രങ്ങൾ വായിക്കുന്നത് ധൂമപാനം പോലെ അതൊരു ദുശ്ശീലമായിത്തീർന്നതു കൊണ്ടാണ്. |

6. 'പത്രം ഇല്ലാതെയുള്ള ഭരണത്തേക്കാൾ താൻ അഭിലഷിക്കുക, ഭരണം ഇല്ലാതെ പത്രം ഉള്ള അവസ്ഥയാണ് ' ജഫേഴ്സന്റെ അഭിപ്രായത്തിന്റെ ധ്വനി എന്ത് ?

- ◈ അരാജകമായ അവസ്ഥയിൽപ്പോലും സത്യവും നീതിയും പുലർത്തുന്ന പത്രങ്ങൾ സമൂഹത്തെ രക്ഷിക്കും.
- ◈ പത്രങ്ങൾ സാമൂഹ്യമൂല്യങ്ങൾ ഉയർത്തിപ്പിടിക്കണം.
- ◈ പത്രങ്ങൾ മാധ്യമധർമ്മം പാലിക്കണം

**ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

7. നന്മയുടെ ആത്മാംശങ്ങൾ പകർന്നു നൽകി കാലഘട്ടങ്ങളെ അടയാളപ്പെടുത്തുകയും നാളെയുടെ നന്മയ്ക്കു വേണ്ടി പണിയെടുക്കുകയുമാണ് പത്രങ്ങൾ ചെയ്യേണ്ടത്. പത്രനീതി എന്ന പാഠഭാഗത്തെ അടിസ്ഥാനമാക്കി പത്രധർമ്മം എന്ന വിഷയത്തിൽ മുഖപ്രസംഗം തയാറാക്കുക.

- ◈ തലക്കെട്ട്
- ◈ ആമുഖം
- ◈ പത്രനീതി സത്യം, ധർമ്മം, ന്യായം.
- ◈ സമൂഹനന്മ ലക്ഷ്യം
- ◈ തിന്മകൾക്കെതിരെ ശക്തമായ പ്രതികരണം.
- ◈ പത്രങ്ങളുടെ കച്ചവട മനോഭാവം.
- ◈ പത്രാധിപരുടെ ആത്മാർഥത, സത്യസന്ധത
- ◈ വാർത്തകളുടെ നേരായ അവതരണം.
- ◈ നല്ല പത്രങ്ങൾ ലോകത്തെ നയിക്കും.

**പരിശീലന ചോദ്യങ്ങൾ**

1. 'പത്രം എന്ന വിരോധാഭാസം ഇതത്രേ' വിരോധാഭാസം എന്ത് ?
2. 'പത്രങ്ങൾക്ക് കിട്ടിക്കൊണ്ടിരിക്കുന്ന ബഹുമതിക്ക് ഒരു കറുത്ത നിഴലുണ്ട്' 'കറുത്ത നിഴൽ' എന്ന പ്രയോഗത്തിന്റെ ഔചിത്യം പരിശോധിക്കുക?
3. പത്രങ്ങളെക്കുറിച്ച് ഇബ്സൺ അഭിപ്രായപ്പെട്ടത് എന്താണ് ? അങ്ങനെ അഭിപ്രായപ്പെടാൻ കാരണമെന്ത് ?
4. നല്ല പത്രം വായിക്കാമെന്നു വച്ച് ചീത്ത പത്രം നിർത്തുന്നവൻ വിഡ്ഢിയാക്കപ്പെടുന്നു. പത്രത്തെക്കുറിച്ച് സുകുമാർ അഴീക്കോടിനുള്ള അഭിപ്രായം വിശകലനം ചെയ്യുക.




# 2. പണയം



ഇ.സന്തോഷ്കുമാർ എഴുതിയ കഥയാണ് പണയം. ദരിദ്രനും തയ്യൽക്കാരനുമായ ചാക്കുണ്ണിയും, സമ്പന്നനും മാനുഷിക മൂല്യങ്ങൾക്ക് വിലകല്പിക്കാത്തവനുമായ ചെമ്പുമത്തായിയും, പിൻവശത്ത് ഒരു കുട്ടിയുടെ പടമുള്ള മർഫി റേഡിയോയുമാണ് ഇതിലെ പ്രധാന കഥാപാത്രങ്ങൾ. ആറാട്ടുകുന്ന് എന്ന ഗ്രാമമാണ് കഥയുടെ പശ്ചാത്തലം. റേഡിയോ അറിവും ആനന്ദവും മാത്രമല്ല ആശ്വാസവും നൽകുന്നു എന്ന് ഈ കഥ നമ്മെ ഓർമ്മിപ്പിക്കുന്നു.

**ആശയങ്ങൾ.**

* കലാഹൃദയമുള്ള ചാക്കുണ്ണി ഏറെ പണിപ്പെട്ട് ഒരു റേഡിയോ സ്വന്തമാക്കുന്നു.
* റേഡിയോ പരിപാടികൾ അയാളുടെ ജീവിതത്തിന്റെയും തൊഴിലിന്റെയും താളമായി മാറുന്നു.
* ചാക്കുണ്ണിയുടെ ഇളയ മകന്റെ ചികിത്സയ്ക്കായി റേഡിയോ ചെമ്പുമത്തായിക്ക് പണയം വയ്ക്കേണ്ടിവരുന്നു.
* മാനുഷിക മൂല്യങ്ങൾക്കും കലയ്ക്കും ജീവിതത്തിൽ യാതൊരു വിലയും കല്പിക്കാത്ത വ്യക്തിയാണ് ചെമ്പുമത്തായി.
* റേഡിയോ നഷ്ടമാകുന്നതോടെ ചാക്കുണ്ണിയുടെ തൊഴിലിന്റെ താളം തെറ്റുന്നു.
* മകന്റെ വേർപാട് മനസ്സിന്റെ വേദനയും വർദ്ധിപ്പിക്കുന്നു.
* മകന്റെ വേർപാടിൽ റേഡിയോയിലെ 'ബാലമണ്ഡല'ത്തിൽ ആശ്വാസം കണ്ടെത്തുന്നു.

**ശരിയായ ഉത്തരം കണ്ടെത്തി എഴുതുക.**

1. "ചെമ്പുമത്തായിയുടെ അടുക്കൽ ചെന്ന് റേഡിയോ പണയം വയ്ക്കുമ്പോൾ ചാക്കുണ്ണിയുടെ ഉള്ളിൽ തീയായിരുന്നു". അടിവരയിട്ട പ്രയോഗം സന്ദർഭത്തിന് നൽകുന്ന സവിശേഷാർഥം എന്ത്?

   • ചെമ്പുമത്തായിക്കു കൊടുക്കേണ്ട പലിശയെപ്പറ്റിയുള്ള ആധി.
   • റേഡിയോ നഷ്ടമാവുന്നതിലുള്ള അസഹ്യമായ ദുഃഖം
   • ചാക്കുണ്ണിയുടെ ശരീരത്തിന് തീ പിടിച്ചു.

- ചെമ്പുമത്തായി റേഡിയോ തട്ടിയെടുക്കുമോ എന്ന പേടി

2. 'എന്റെ കണക്കൊക്കെ തെറ്റിലോ മത്തായി മൂപ്പരേ, ഒക്കെ നിങ്ങള് എഴുതിവയ്ക്കണം' ചാക്കുണ്ണിയുടെ ഈ വാക്കുകളിൽ തെളിയുന്നതെന്ത്?
   - പലിശയുടെ കണക്ക് തെറ്റി
   - ജീവിതത്തിന്റെ കണക്കുകൂട്ടൽ തെറ്റി.
   - എഴുതിവച്ച കണക്കുകൾ തെറ്റി
   - ചെമ്പു മത്തായിയെക്കുറിച്ചുള്ള കണക്കുകൂട്ടലുകൾ തെറ്റി.

**രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.**

3. 'ചുറ്റുപാടും നിരവധി ആളുകളുണ്ടായിരുന്നിട്ടും പറഞ്ഞറിയിക്കാനാവാത്ത ഒരേകാന്തത അയാളെ വലയം ചെയ്തു' റേഡിയോ പണയം വച്ചതോടെ ചാക്കുണ്ണിയിലുണ്ടായ മാറ്റം സൂചനകളായി എഴുതുക?
   - റേഡിയോ പണയപ്പെടുത്തിയ ചാക്കുണ്ണിയുടെ മാനസികാവസ്ഥ.
   - ജോലിയിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ കഴിഞ്ഞില്ല.
   - അജ്ഞാതമായൊരു പാട്ടിനു വേണ്ടി കാതോർത്തു.
   - ആളുകൾ തിങ്ങി നിറഞ്ഞപ്പോഴും വല്ലാത്ത ഏകാന്തത അനുഭവപ്പെട്ടു.

4. ബാലമണ്ഡലം കേൾക്കണമെന്ന് ചാക്കുണ്ണി ആഗ്രഹിച്ചതെന്തുകൊണ്ട്?
   - ബാലമണ്ഡലം മകന് ഇഷ്ടമായിരുന്നു.
   - ബാലമണ്ഡലത്തിൽ കുട്ടികൾ പാടുകയും ചിരിക്കുകയും ചെയ്യുന്നു.
   - മകന്റെ വേർപാടിനു ശേഷം വീട്ടിൽ ആർക്കും അതിന് കഴിയുന്നില്ല.
   - ബാലമണ്ഡലം ചാക്കുണ്ണിക്ക് ആശ്വാസം നൽകുന്നു.

**അരപ്പുറത്തിൽ കവിയാതെ ഉത്തരം എഴുതുക.**

5. 'മൂന്നു പതിറ്റാണ്ടായി നൂലു കോർത്തു കുഴിഞ്ഞു പോയ കണ്ണുകൾ കൊണ്ട് അയാൾ ചുറ്റുപാടും നോക്കുന്നത് മത്തായി ശ്രദ്ധിച്ചു' - ചാക്കുണ്ണിയുടെ ജീവിതാവസ്ഥകൾ സൂചിപ്പിക്കുന്ന പരാമർശങ്ങൾ പണയം എന്ന കഥയിൽ നിന്ന് കണ്ടെത്തി ലഘുകുറിപ്പ് തയാറാക്കുക ?
   - ആറാട്ടു കുന്നിൽ റേഡിയോ വാങ്ങിച്ച ആദ്യ പൗരനാണ് ചാക്കുണ്ണി.
   - ദരിദ്രനായ തയ്യൽക്കാരൻ
   - മൂന്നു പതിറ്റാണ്ടായി നൂലു കോർത്ത് കുഴിഞ്ഞു പോയ കണ്ണുകൾ
   - റേഡിയോ വാങ്ങാനായി രാത്രി വൈകിയും ജോലി ചെയ്യുന്നു.
   - റേഡിയോ നഷ്ടപ്പെടുമ്പോൾ അനുഭവിക്കുന്ന മാനസികപ്രയാസങ്ങൾ
   - മകന്റെ ജീവൻ രക്ഷിക്കാൻ കഴിയാതെ പോകുന്നു.

6. ഒരു റേഡിയോ മാത്രമല്ല ചാക്കുണ്ണി പണയം വച്ചത് ഒരു ജീവിതം കൂടിയാണ്. വിലയിരുത്തൽ കുറിപ്പ് തയാറാക്കുക?
   - റേഡിയോ സ്വന്തമാക്കാനായി ചാക്കുണ്ണി നടത്തിയ ശ്രമങ്ങൾ.
   - റേഡിയോ പ്രക്ഷേപണങ്ങൾക്കനുസൃതമായി ക്രമീകരിക്കപ്പെട്ട ജീവിതം.
   - ചാക്കുണ്ണിക്ക് മാത്രമല്ല നാട്ടുകാർക്കും റേഡിയോ പ്രിയങ്കരമാകുന്നു.
   - ഭാര്യയും കുട്ടികളും റേഡിയോ പരിപാടിക്ക് കാത്തിരിക്കുന്നു.
   - റേഡിയോ പണയം വച്ചപ്പോൾ ജീവിതത്തിന്റെ താളം തന്നെ തെറ്റുന്നു.

- മകന്റെ വേർപാടിൽ ദു:ഖിതനായി അവന് ഇഷ്ടമുള്ള ബാലമണ്ഡലം എന്ന റേഡിയോ പരിപാടി കേട്ട് ആശ്വസിക്കുന്നു.

**ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക**

7. “ഈ റേഡിയോം പാട്ട്വോക്കെ ഇനിക്ക്രെ പിടുത്തല്ല്യാ മനുഷ്യരെ മെനക്കെടുത്താൻ ഓരോ ഏർപ്പാടോള്. ആ നേരം വല്ല പണി എടുത്താൽ നാല്കാശുണ്ടാക്കാം.” (ചെമ്പുമത്തായി)

   “പണിയെടുക്കുമ്പളും റേഡിയോ കേൾക്കാം മൂപ്പരേ, ഞാനങ്ങന്യാർന്നു തയ്ക്കണെ സമയത്ത് പാട്ടും നാടകോം ശബ്ദരേഖേം ഒക്കെ. ബട്ടൺ തുന്നുമ്പോ പ്രാദേശികവാർത്ത, വക്കടിക്കുമ്പോ വയലും വീടും.” (ചാക്കുണ്ണി)

   ജീവിതത്തിൽ പണത്തിന് മാത്രം വില കൽപ്പിക്കുന്ന ചെമ്പുമത്തായിയുടെയും കഷ്ടപ്പാടിനിടയിലും കലയെ സ്നേഹിക്കുന്ന ചാക്കുണ്ണിയുടെയും വ്യത്യസ്ത മനോഭാവങ്ങൾ വിലയിരുത്തി ഉപന്യാസം തയാറാക്കുക ?

| ചാക്കുണ്ണി | ചെമ്പുമത്തായി |
|---|---|
| ◈ കലാഹൃദയമുള്ളവൻ | ◈ കലകൾക്ക് ജീവിതത്തിൽ സ്ഥാനം നൽകാത്തവൻ |
| ◈ ദരിദ്രനായ തയ്യൽക്കാരൻ. കഷ്ടതകൾ നിറഞ്ഞ ജീവിതം | ◈ പണത്തിനോട് ആർത്തി മാനുഷിക മൂല്യങ്ങൾക്ക് വില കല്പിക്കുന്നില്ല |
| ◈ തൊഴിലിനോട് ആത്മാർഥത | ◈ മറ്റുള്ളവരുടെ പ്രയാസങ്ങൾ മനസ്സിലാക്കുന്നില്ല. |
| ◈ ഇഷ്ടങ്ങൾ മാറ്റിവച്ച് അധിക സമയം ജോലി ചെയ്ത് റേഡിയോ വാങ്ങി. | ◈ പാട്ടുകൾ കേൾക്കുന്നത് സമയം കളയലാണെന്ന് ചിന്തിക്കുന്നു. |
| ◈ മക്കളോടുള്ള സ്നേഹം | ◈ മക്കളെ തല്ലി വളർത്തണം എന്ന പക്ഷക്കാരൻ |
| ◈ തൊഴിൽ ചെയ്യുമ്പോഴും കല ആസ്വദിക്കുന്നു | ◈ കലാസ്വാദനത്തിനുള്ള സമയം ധനസമ്പാദനത്തിന് ഉപയോഗിക്കാമെന്ന മനോഭാവം. |

**പരിശീലന ചോദ്യങ്ങൾ**

1. മനുഷ്യർ പാട്ടുകേട്ട് സമയം കളയുന്നത് എന്തിനാണെന്ന് ചെമ്പുമത്തായിക്ക് ഒരു കാലത്തും മനസ്സിലായില്ല. ചെമ്പുമത്തായിയുടെ മനോഭാവത്തോട് യോജിക്കുന്നുണ്ടോ? പ്രതികരണക്കുറിപ്പ് തയാറാക്കുക.
2. ‘നെനക്കറിയാലോ . കുട്ട്യോളെത്തന്നെ ഞാൻ ലാളിച്ചിട്ടില്ല്യ – ചെമ്പുമത്തായിയുടെ ഈ കാഴ്ചപ്പാടിനോടുള്ള നിങ്ങളുടെ പ്രതികരണം എന്ത്?
3. ‘ആ കുന്തം ഇവിടിരിക്കണതാ നിനക്കും നല്ലത്. മനസ്സമാധനമായിട്ട് വല്ല പണിയും നടക്കും’ റേഡിയോയുടെ അഭാവം ചാക്കുണ്ണിയിൽ എന്തു മാറ്റമാണ് വരുത്തിയത് – കുറിപ്പെഴുതുക?